FREE
DECEMBER 2016
Page 12
Circulation strictly for Christian Churches only
Dubai
Manna bi-weekly Vol.9 Issue 13.

# മന്ന

NUMBER 1 IN MIDDLE EAST

**മാന്യവായനക്കാർക്ക് മന്നയുടെ യുഎഇ ദേശീയദിനാശംസകൾ**

www.newsmanna.com Call 050 3241610 UAE • KUWAIT • INDIA mannamanna



# ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി
# Gilgal Biblical Seminary
(Accredited by A TA & Church of God( USA) Grade Level IV )

## 8th Graduation
On 3rd December (Saturday) 2016 at 7.30 p.m
Sharjah Worship Centre

Chief Guest



Dr.Tim Hill
(General Overseer, Church of God)

Classes starts:-
2nd week
of December
at Alain,Abu dhabi,
Dubai,Sharjah
(English,Malayalam
Urdu & Tamil)

For more details Please contact :

Rev.Dr. K.O. Mathew
Director
Gilgal Biblical Seminary



യഹോവയുടെ വലംകൈ വീര്യം പ്രവർത്തിക്കുന്നു
സങ്കീ. 118 : 15

INTERNATIONAL PRAYER FELLOWSHIP
പ്രാർത്ഥനാസംഗമം

## PRAYER & FASTING
2016 December 10th (Second Saturday)
10.00AM to 6.00PM
Worship Centre, Main Hall
Sharjah

- Fasting Prayer
- Intercessory prayer
- Sermons
- Worship
- Testimonies



Pastor
Jose Vengoor

*All are cordially invited*

Pastor K. P. Jose Vengoor 050 1464837, 055 2497925
Pastor Alex George : 050 6562396
www.prarthanasangamam.com E-Mail: prarthanasgm@yahoo.com



## ഇന്ത്യൻ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് സിക്കിം സ്റ്റേറ്റ് മിഷൻ

പ്രകൃതിലാവണ്യത്തിന്റെ കേദാരമായ സിക്കിം ബുദ്ധ–ഹൈന്ദവമതങ്ങളുടെ യെരിഹോകോട്ടയാണ്. ഇവിടെ സുവിശേഷത്തിന്റെ വെന്നിക്കൊടി ഉയരാൻ ദൈവജനം പ്രാർഥിക്കുക. കിഴക്കൻ ഹിമാലയത്തിലെ പർവതസംസ്ഥാനമായ സിക്കിമിലെ പ്രവർത്തനത്തിനായി നാലു ജില്ലകൾ മാത്രമുള്ള സിക്കിമിലെ എല്ലാഗ്രാമങ്ങളിലും പട്ടണങ്ങളിലും സുവിശേഷമെത്താൻ നിങ്ങൾക്കും സഹായിക്കാം.

**For details: Pr. Thomas Thonnackal, Sikkim State Missoion , Post Box - 109, Kollam, Kerala, India - 691001, Mob. 0588276391 (UAE), +91, 9995642072 (India). Email: sikkimmission@gmail.com. Bank: SBI, Kadappakad, Kollam. A/C No: 31059311350, IFSC code SBIN 0012879**



## IMMIGRATE TO CANADA

Interested in moving for a better life?
Then make Canada part of your future

CONTACT US TO DISCUSS YOUR PROSPECTS

We will be in Dubai from January 25-29, 2017 to consult with prospective immigrants. We can share aspects of Canadian Immigration, Real Estate opportunities and Resettlement services. If you are interested, email us to book an appointment for a free brief assessment. If you are eligible and wish to proceed with an application, let's get started !

SHALLET ANN JAMES
Sales Representative
Royal Lepage Credit Valley, Greater Toronto Area
647-802-2777
shallet@royallepage.ca
www.shalletjames.com


WILMA GOMES
Regulated Canadian Immigration Consulatant
Paralegal (Member in good standing of a Candian Law Society)
416-316-1828
immigrationservices02@gmail.com
www.gomesimmigration.com

Hoping to meet you soon !!!

FREE
DECEMBER 2016
Page 12
Circulation strictly for Christian Churches only
Dubai
Manna bi-weekly Vol.9 Issue 13.

# മന്ന

NUMBER 1 IN MIDDLE EAST




www.newsmanna.com Call 050 3241610 UAE • KUWAIT • INDIA mannamanna



## നിക്ക് ഒരു ഇതിഹാസം

പേജ് 04

അംഗപരിമിതിയുടെ കനത്ത ബന്ധനങ്ങളെ അതിജീവിച്ച പാസ്റ്റർ നിക്കിന്റെ ജീവിതം ഒരു അത്ഭുതമാണ്.



## വിശാലദർശനവുമായി...

പേജ് 08

മരുവിന്റെ കനത്ത ചൂടനുഭവങ്ങളിൽ ശീതളച്ഛായയായി ഷാർജ വർഷിപ്പ് സെന്റർ.

**ഏറ്റവും വെട്ടിലായത് സമ്പന്നരാണ്. പണമുണ്ടായിട്ടും സകലവും അവതാളത്തിലായ സ്ഥിതി. ധനവാന്മാരുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞുമുറയിടുവിൻ എന്ന വചനം നിവർത്തിയാകുന്നു.**

# പണം പിണമായപ്പോൾ!

പി.സി. ഗ്ലെന്നി



കള്ളപ്പണം തടയാൻ കേന്ദ്ര സർക്കാർ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ പിൻവലിക്കുകയും ധനവിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തപ്പോഴുണ്ടായ പ്രത്യാഘാതങ്ങൾ ഇപ്പോഴും നിലച്ചിട്ടില്ല.

അസാധാരണമായ സംഭവങ്ങളുടെ വാർത്തകളാണ് റിപ്പോർട്ടുചെയ്യപ്പെടുന്നത്. പണം മാറാൻ നെട്ടോട്ടമോടുന്ന ജനങ്ങൾ, ബാങ്കുകൾ തെരുവിൽ വലിച്ചെറിയുന്ന നോട്ടുകെട്ടുകൾ. ബാങ്കിനു മുൻപിൽ ക്യൂവിൽ നിന്ന് കുഴഞ്ഞുവീഴുന്ന ഹതഭാഗ്യർ. പെട്ടെന്നുണ്ടായ സാമ്പത്തിക പ്രത്യാഘാതത്താൽ ആത്മഹത്യ ചെയ്യുന്നവർ, പണം മാറാനാകാത്തതിനാൽ ചികിത്സകിട്ടാതെ മരിക്കുന്ന രോഗികൾ, ബിസിനസ്-തൊഴിൽ മേഖലയിലെ നിശ്ചലാവസ്ഥ. ഭക്ഷ്യസാധനങ്ങൾ കിട്ടാതായപ്പോൾ റേഷൻകട കൊള്ളയടിച്ച സംഭവംവരെ വടക്കേയിന്ത്യയിലുണ്ടായി. പലയിടത്തും ജനം അക്രമാസക്തരായി. യുദ്ധസമാനമായ സാഹചര്യത്തിലൂടെ രാജ്യം കടന്നുപോകുന്ന അവസ്ഥ.

ഏറ്റവും വെട്ടിലായത് സമ്പന്നരാണ്. പണമുണ്ടായിട്ടും സകലവും അവതാളത്തിലായ സ്ഥിതി. ധനവാന്മാരുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞുമുറയിടുവിൻ എന്ന വചനം നിവർത്തിയാകുന്നു. പൊന്നും വെള്ളിയും കറപിടിച്ചും ധനം ദ്രവിച്ചും പോകുന്ന ദുരന്തകാലം.

കള്ളപ്പണം തടയാനും ധനവിനിയോഗം രാജ്യാന്തരതലത്തിൽ സുഗമമാക്കാനും കറൻസിരഹിത സമൂഹത്തിലേക്കു കാലംകുതിക്കുന്നു. വാങ്ങാനും വിൽക്കാനുമുള്ള മൃഗത്തിന്റെ സംഖ്യയായ 666 യാഥാർഥ്യമാകാനുള്ള മുന്നൊരുക്കമാണ് ഇപ്പോഴത്തെ കോലാഹലങ്ങൾ.

Let us exalt His name together Psalms 34:3
കടന്നുവരിക! അനുഗ്രഹം പ്രാപിക്കുക!
ഫിലദൽഫിയ ചർച്ച് ഓഫ് ഗോഡ്
അബുദാബി
സുവിശേഷയോഗവും, സംഗീത വിരുന്നും

പാസ്റ്റർ അനീഷ് കാവാലം
ദൈവവചനം പ്രസംഗിക്കുന്നു
2016 ഡിസംബർ 9 വെള്ളി
വൈകിട്ട് 7:45 - 10:00 വരെ
സ്ഥലം:
ബ്രദറൺ ചർച്ച് സെന്റർ
മുസ്സഫ
വാഹന സൗകര്യം ഉണ്ടായിരിക്കും
www.pcgabudhabi.org
കൂടുതൽ വിവരങ്ങൾക്ക്
പാസ്റ്റർ വർഗ്ഗീസ് തോമസ്സ് (ബാബു) - 055 7905013 | ബ്രദർ സജി - 050 7923469 | ബ്രദർ സൂരജ് - 050 4401386

# നിക്ക് ഒരു ഇതിഹാസം




തോമസ് തോന്നയ്ക്കൽ

അംഗപരിമിതിയുടെ കനത്ത ബന്ധനങ്ങളെ അതിജീവിച്ച ലോകപ്രസിദ്ധ പ്രചോദിത പ്രസംഗകൻ നിക്കിന്റെ ജീവിതം ഒരു അത്ഭുതമാണ്.

പ്രാർഥനയും വചനധ്യാനവുമാണ് എന്റെ ദൈനംദിന ജീവിതത്തിലെ ഉയർച്ചകളിലും താഴ്ചകലിലും മുൻപോട്ടുപോകാൻ പ്രേരിപ്പിക്കുന്ന ശക്തിയെന്ന് പ്രചോദിതപ്രസംഗരംഗത്തെ (മോട്ടിവേഷണൽ) ഇതിഹാസം നിക്ക് വുജിസിക്. ദുബായ് സ്പോർട്സ് സിറ്റിഡോം അരീനയിൽ ആയിരത്തിലധികം വരുന്ന സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ജന്മനാ കാലുകളും കൈകളും ഇല്ലാത്ത നിക്ക് അംഗപരിമിതിയെ എങ്ങനെയാണ് അതിജീവിച്ചതെന്ന ഓരോ വാക്കുകൾക്കും ജനം കാതോർത്തു. ദുബായിലും ഷാർജയിലുമായി 3000 പേരാണ് നിക്കിന്റെ പ്രഭാഷണം കേൾക്കാനെത്തിയത്.

അംഗപരിമിതിയുടെ കനത്ത വൈഷമ്യങ്ങളിൽ ജീവിതം പഠിപ്പിച്ച പാഠങ്ങളാണ് സുവിശേഷപ്രസംഗകൻ കൂടിയായി നിക്കിന്റെ വിജയകഥകൾക്കു പിന്നിൽ. ദൈവത്തിലുള്ള വിശ്വാസവും പ്രാർഥനയും ബൈബിൾപാരായണവും നിക്കിനെ ലോകം



**ജീവിതത്തിൽ സത്യസന്ധത നിലനിർത്തുക. അങ്ങനെയെങ്കിൽ മരണശേഷവും ആളുകൾ നിങ്ങളെ ഓർക്കും. നിങ്ങളുടെ സ്വാർഥതയും വിശ്വസ്തതയും കാലങ്ങൾ കഴിഞ്ഞാലും ജനമനസ്സുകളിൽ നിറഞ്ഞുനിൽക്കും. നിങ്ങൾ നേടിയതിനെക്കുറിച്ചൊന്നുമല്ല, നിങ്ങൾ ആരായിരുന്നു എന്നതായിരിക്കും അവർ ഓർക്കുക**

ശ്രദ്ധിക്കുന്ന ഏറ്റവും വലിയ മോട്ടിവേഷണൽ പ്രഭാഷകനാക്കി മാറ്റി. യേശുവിനെ ലജ്ജകൂടാതെ പ്രസംഗിക്കുന്ന അനുഗ്രഹീത പ്രസംഗകൻ കൂടെയാണ് ഈ ആസ്ട്രേലിയക്കാരൻ.

ദൈവത്തിൽ ഞാൻ കണ്ടെത്തിയ എന്റെ വിശ്വാസം കൂടാതെ എനിക്കൊരിക്കലും പ്രത്യാശിക്കാനാവില്ല. ദൈവവിശ്വാസമാണ് എന്റെ പ്രത്യാശയുടെ ഹേതു. എന്റെ ദൈനംദിനജീവിതത്തെ പ്രചോദിപ്പിക്കുന്നത് ബൈബിൾ വായനയും പ്രാർഥനയുമാണ്. നിങ്ങളുടെ സ്വപ്നങ്ങൾ സഫലമാകുകയോ ആകാതിരിക്കുകയോ ചെയ്യുമ്പോഴും നിങ്ങൾ നിങ്ങൾതന്നെ ആയതിനാൽ നിങ്ങളിടെ ദൈവദത്തമായ കഴിവിൽ വിശ്വസിക്കുക. എന്തെന്നാൽ വീഴ്ച എന്നത് പരാജയമല്ല. വീഴ്ച യഥാർഥത്തിൽ നിങ്ങളുടെ സ്വപ്നസാക്ഷാത്ക്കാരത്തോട് അടുക്കുന്നുവെന്ന ബോധ്യത്തിലുള്ള ചുവടുവയ്പാണ്. 52 സ്കൂളുകളിലാണ് മോട്ടിവേഷണൽ പ്രസംഗത്തിനുവേണ്ടി അവസരം ചോദിച്ച് ഞാൻ മുട്ടിയത്. ഒടുവിൽ 53-ാമത്തെ സ്കൂളിൽ എനിക്ക് അവസരം ലഭിച്ചു. അവസരങ്ങൾ നിഷേധിക്കപ്പെട്ടപ്പോഴും ഞാൻ നിരാശപ്പെട്ടില്ല. പിന്നെയും ശ്രമിച്ചുകൊണ്ടിരുന്നു. അവർ അവസരം നൽകിയത് അഞ്ചുമിനിട്ട് പ്രസംഗത്തിനായിരുന്നു. എന്റെ പ്രഭാഷണങ്ങളുടെ ജൈത്രയാത്ര ആരംഭിക്കുന്നത് അവിടെ നിന്നാണ്-നിക്ക് വ്യക്തമാക്കി.

ഭാര്യയും രണ്ട് മക്കളുമുള്ള മുപ്പത്തിനാലുകാരനായ നിക്ക് ഇതിനകം 63 രാജ്യങ്ങളിലായി മൂവായിരത്തിലധികം പ്രഭാഷണങ്ങളാണു നടത്തിയത്. 16 രാഷ്ട്രത്തലവന്മാരെ സന്ദർശിക്കാനും ഒൻപതു രാജ്യങ്ങളുടെ ഭരണസദസ്സുകളിൽ പ്രസംഗിക്കാനും കഴിഞ്ഞിട്ടുണ്ട്.

നിങ്ങളുടെ ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്, അതു കണ്ടെത്തുക. ജീവിതത്തിൽ സത്യസന്ധത നിലനിർത്തുക. അങ്ങനെയെങ്കിൽ മരണശേഷവും ആളുകൾ നിങ്ങളെ ഓർക്കും. നിങ്ങളുടെ സ്വാർഥതയും വിശ്വസ്തതയും കാലങ്ങൾ കഴിഞ്ഞാലും ജനമനസ്സുകളിൽ നിറഞ്ഞുനിൽക്കും. നിങ്ങൾ നേടിയതിനെക്കുറിച്ചൊന്നുമല്ല, നിങ്ങൾ ആരായിരുന്നു എന്നതായിരിക്കും അവർ ഓർക്കുകയെന്നും നിക്ക് പറഞ്ഞു. പതിനേഴാം വയസ്സിൽ സ്കൂൾ അധ്യാപകൻ പ്രവചിച്ചതുപോലെ നിക്ക് ഒരു പ്രസംഗകനായി മാറി. വെറും പ്രസംഗകനല്ല, ലോകമറിയുന്ന പ്രചോദിതപ്രസംഗകൻ. അംഗപരിമിതിയുടെ കനത്തബന്ധനങ്ങളെ അതിജീവിച്ച നിക്കിന്റെ ജീവിതമൊരു ഇതിഹാസമാണ്. പതിനായിരങ്ങളെ പ്രചോദിപ്പിക്കുന്ന അത്ഭുതജീവിതം!

റിലീഫ്നെറ്റ് ഒരുക്കുന്ന
ReliefNet INTERNATIONAL
വചനധ്യാനവും പ്രാർഥനാകൂട്ടായ്മയും
എല്ലാ ശനിയാഴ്ചയും വൈകിട്ട് 8 മണിക്ക് അബുദബി ബ്രദറൺ ചർച്ച് സെന്ററിൽ
സഭാവ്യത്യാസമെന്യേ ദൈവവചനകേൾവിക്കായി നമുക്കു ഒരുമിച്ചു നീങ്ങാം.
കൂടുതൽ വിവരങ്ങൾക്ക്: 050 3241610, 050 5344679



ഷാർജാ വർഷിപ്പ് സെന്ററിൽ നടന്ന ഐപിസി യുഎഇ റീജിയൻ കൺവൻഷൻ പ്രസിഡന്റ് പാസ്റ്റർ ഗെർസീം പി. ജോൺ ഉദ്ഘാടനം ചെയ്യുന്നു.

# ഉപവാസപ്രാർഥനയും ബൈബിൾ ക്ലാസും

ഷാർജ: പെന്തെക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർഥനയും ബൈബിൾ ക്ലാസും ഷാർജ വർഷിപ്പ് സെന്ററിൽ ആരംഭിച്ചു. ഡിസംബർ 9 വരെ വൈകിട്ട് 8 മുതൽ നടക്കുന്ന യോഗത്തിൽ പാസ്റ്റർ എം.എ. വർഗീസ് പ്രസംഗിക്കും. വിവരങ്ങൾക്ക് : 050 5295147, 050 1348906.

# ഐപിസി സണ്ടേസ്കൂൾ യുഎഇ റീജിയൻ ഭാരവാഹികൾ



റോയി ജോർജ്



ഡാർവിൻ എം. വിൽസൺ



സജി വർഗീസ്

ഷാർജ: ഐപിസി യുഎഇ റീജിയൻ സണ്ടേസ്കൂൾ അസോസിയേഷൻ ഭാരവാഹികളായി പാസ്റ്റർ റോയി ജോർജ് (ഡയറക്ടർ), സുവി. ഡാനി മാത്യു (ജോ. ഡയറക്ടർ), ഡാർവിൻ എം. വിൽസൺ (സെക്രട്ടറി), സജി വർഗീസ് (ട്രഷറർ), ജോമിൻ മാത്യു (ജോ. സെക്രട്ടറി), റോസമ്മ ജേക്കബ് (ജോ. ട്രഷറർ), ലിനോ മാത്യു (റീജിയൻ പ്രതിനിധി), മിനി തോംസൺ (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

# പാസ്റ്റർ സേവ്യർ ജെയിംസ് പ്രസംഗിക്കുന്നു



അബുദബി: ഏജി അബുദബി ഒരുക്കുന്ന ഏകദിന ഫാമിലി കോൺഫ്രൻസും ദ്വിദിന ദൈവവചന പ്രഘോഷണവും ഡിസംബർ 3-6 വരെ നടക്കും. മൂന്നിനു രാവിലെ 10 മുതൽ 2.30 വരെ അബുദബി ഇവാഞ്ചലിക്കൽ സെന്ററിൽ ഫാമിലി കോൺഫ്രൻസും 5,6 തീയതികളിൽ വൈകിട്ട് 7.30 നു മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ ദൈവവചന പ്രഘോഷണവും നടക്കും. സുവിശേഷപ്രഭാഷകനും ഫാമിലി കൗൺസിലറും ബാങ്ക് ഓഫ് ഇന്ത്യ എറമാകുളം സോണൽ ജനറൽ മാനേജരുമായ പാസ്റ്റർ സേവ്യർ ജെയിംസ് പ്രസംഗിക്കും. വിവിധ ഭാഗങ്ങളിൽനിന്നും യാത്രാ സൗകര്യങ്ങൾ ഉണ്ടായിരിക്കും. വിവരങ്ങൾക്ക് പാസ്റ്റർ കെ.ജെ. ജോർജ് - 050 6166276.

## MATRIMONIAL

Pentecostal parents invite proposals for their son (27/172 cm) currently working in Earnest & Young, Audit firm, Cochin. He has done his education Abu Dhabi till 12th Std and B.Com, ACCA & MBA in India. Please contact parents of girls, born again, water baptized and filled with Holy Spirit. (Please excuse parents of ornament wearing girls). Preference is for MDS, ACCA or CA.

**Our Contact number:**
**00971 50 6420438, 0097112 6729083.**

Invite proposals for a Pentecostal girl, MBA, (Ht: 5'3", DOB: 24.10.1985), born and brought up in North India, working in a reputed company in Abudabhi from a boy who is spiritual, qualified and working in UAE.

**Soosan Varghese**
**+91 8238296838 (India No)**
**0501513632 (UAE No)**






# ‘വാട്ട്സ്’പ്പെട്ടവരുടെ സുവിശേഷം

റെജി പോൾ, ഷാർജ
palachodan@gmail.com

പിശാച് ദൈവസന്നിധിയിൽ ചെന്ന് വിശ്വാസികളെ ഗോതമ്പുപോലെ പാറ്റേണ്ടതിന് അനുവാദം ചോദിച്ചു. അങ്ങനെ ദൈവാനുവാദത്തോടെ പീഡകൾ അയച്ചു. എന്നാൽ ദൈവജനം പ്രാർഥനയാലും ഉപവാസത്താലും ജീവിത വിശുദ്ധിയാലും അവനെ തോൽപ്പിച്ച് ദൈവനാമത്തെ മഹത്വപ്പെടുത്തി. അപ്പോൾ പിശാച് ഫേസ് ബുക്കും വാട്സ്ആപ്പും കൊണ്ടുവന്നു. അതോടെ ആരെ വിഴുങ്ങേണ്ടു എന്നോർത്ത് ആദാമിന്റെ കാലം മുതൽ ഊടാടി സഞ്ചരിച്ച പിശാചും ദുരാത്മാക്കളും ഇന്ന് സുഖനിദ്രയിലാണ്. കാരണം അവരുടെ ജോലിയാണിന്നു ദൈവമക്കൾ ചെയ്യുന്നത്.

ഇന്ന് ദുഷ്ടാത്മസേനകളുടെ ഒരേയൊരു ജോലി ‘കുന്നൊന്ന്, കുന്നു രണ്ട്‘ എന്ന് എണ്ണുന്നത് മാത്രമാണ്. ആത്മീയ ശുശ്രൂഷകളെയും അനുഗ്രഹങ്ങളെയും ഇന്ന് ഏറ്റവും പ്രതികൂലമായി ചെറുക്കുന്ന പൈശാചിക പോരാട്ടമാണ് നവമാധ്യമ ക്രൈസ്തവീയത. ദൈവവചനം വായിച്ചു ധ്യാനിക്കാനോ സുബോധത്തോടെ ചിന്തിക്കാനോ ദൈവത്തിൽ ആശ്രയിക്കാനോ കഴിയാത്ത കുറെ ബർബര ക്രിസ്ത്യാനികൾ ആരെങ്കിലും അയയ്ക്കുന്നത് പഥ്യമാണോ ഛർദ്ദിയാണോ എന്നു പോലും വായിച്ചു നോക്കാതെ പരത്തുന്ന അർബുദ സമാനമായ ആത്മീയരോഗം സഭകളെ കാർന്നു തിന്നുന്നു. ഇതിന്റെ ഉത്തമോദാഹരണമാണ് ഈയിടെ കാട്ടുതീ പോലെ പടർന്ന യെരുശലേമിന്റെ ആകാശത്തു കേട്ട ഉഗ്രശബ്ദങ്ങളും മേഘപാളികളിൽ കണ്ട രൂപകല്പനകളും. വെളിപ്പാട് 8:7 പ്രകാരമുള്ള ‘FIRST TRUMPET‘ (ആദ്യ കാഹളം) ആണത്രേ ഇത്.

ഏതായാലും ദൈവവചനത്തിൽ ആശ്രയിക്കുന്ന ഒരു യഥാർത്ഥ ഭക്തനും ഇത് കേട്ട് കുലുങ്ങിയില്ല, വാർത്ത പരത്തിയുമില്ല. കാരണം ‘ദുർവർത്തമാനംനിമിത്തം അവൻ ഭയപ്പെടുകയില്ല; അവന്റെ ഹൃദയം യഹോവയിൽ ആശ്രയിച്ചു ഉറെച്ചിരിക്കും’ (സങ്കീർത്തനം112:7). പക്ഷെ നാല് സുവിശേഷങ്ങൾ പോലും തികച്ചു വായിച്ചു മനസ്സിലാക്കിയിട്ടില്ലാത്ത ഇടയന്മാരും അവരുടെ ആടുകളും വലിയ തിരക്കിലായിരുന്നു. പ്രാർഥനയിലും വചനധ്യാനത്തിലും താൽപര്യം നഷ്ടപ്പെട്ട ദൃശ്യശ്രവണ സന്ദേശങ്ങളിൽ സുഖം കണ്ടെത്തുന്ന ശരാശരി ക്രിസ്ത്യാനിയെയെയാണ് പിശാച് ഏറ്റവും കൂടുതൽ തന്റെ ആയുധമാക്കുന്നത്. വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ കാഹളം മുഴങ്ങികേട്ടതു സ്വർഗ്ഗത്തിലാണോ അതോ യെരുശലേം പട്ടണത്തിന്റെ മുകളിൽ മാത്രം ചിലർക്ക് സെൽഫി എടുക്കാൻ സൗകര്യത്തിനായിരുന്നോ എന്ന് പണ്ഡിതന്മാർ വായിച്ചു പഠിക്കട്ടെ.

കർത്താവ് വരുന്നു എന്ന് തോന്നിയപ്പോഴെങ്കിലും മാനസാന്തരപ്പെടാതെ അതിനെക്കുറിച്ചു വാട്സാപ്പ് സന്ദേശങ്ങൾ അയച്ചു കൊണ്ടിരുന്ന ഈ തലമുറയെ ആരോടുപമിക്കാൻ? കർത്താവിന്റെ മേഘപ്രത്യക്ഷയെക്കുറിച്ചു യാതൊരു ഗ്രാഹ്യവുമില്ലാത്തവരത്രെ ഉൽപ്രാപണത്തിനു തയ്യാറായി നിൽക്കുന്നത്. മാത്രവുമല്ല ഇതൊക്കെ കണ്ടു ഭ്രമിക്കുകയും ദുർവർത്തമാനം പരത്തുകയും ചെയ്യുന്നവർ ഏതു തരക്കാരാണെന്നറിയാൻ ഈ വാക്യം വായിക്കുക: യിരെമ്യാ 10:2 ‘യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ജാതികളുടെ വഴി പഠിക്കരുതു; ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുതു; ജാതികൾ അല്ലോ അവ കണ്ടു ഭ്രമിക്കുന്നതു‘. മറ്റൊരു കൊടിയ പൈശാചിക തന്ത്രമാണ് 666 എന്ന സംഖ്യയും വിവിധരാജ്യങ്ങളിൽ വരുവാനിരിക്കുന്ന തൊലിയ്ക്കു കീഴിൽ സ്ഥാപിക്കുന്ന ചിപ്പും സംബന്ധിച്ച പൈങ്കിളി കഥകൾ.

ഒന്നാമത് ഇത് മഹോപദ്രവ കാലത്തെ കാര്യമാണ്. ആ കാലം ആരംഭിക്കാൻ ഇനിയും അനേക കാര്യങ്ങൾ നടക്കണം. മാത്രവുമല്ല എത്ര പീഡനം സഹിച്ചാലും ദൈവത്തെ പരസ്യമായി തള്ളിപ്പറയാൻ തയ്യാറാകാത്തവർക്ക് മാത്രം ഇത് ബാധകമാണ്. വാട്ട്സാപ്പിലൂടെ ദൈവത്തെ കോപിപ്പിക്കുന്ന ദൃശ്യശ്രവണ പ്രിയരിൽ ഒരാൾപോലും ഈ സാക്ഷ്യമുള്ളവരാണെന്നു തോന്നുന്നില്ല. എന്തിനാണ് 666 എന്ന വിഷയത്തിന് ഇത്ര അമിത പ്രാധാന്യം കൊടുക്കുന്നത്? രണ്ടു സാക്ഷികൾ വീഥികളിൽ മരിച്ചു കിടക്കുന്നതു ലോകം മുഴുവൻ ടീവിയിലൂടെ കാണുമെന്നറിയാമായിരുന്നിട്ടും പുതിയ തരം ടീവികൾ ഇറങ്ങുമ്പോൾ ലോകാവസാന ലക്ഷണമെന്നോർത്തു ഭയപ്പെടാത്തതെന്താണ്?

ലോകത്തിന്റെ അറ്റത്തോളം സുവിശേഷം പ്രസംഗിച്ചു കഴിയുമ്പോൾ അവസാനം വരുമെന്നേശു പറഞ്ഞതുകൊണ്ട് വർദ്ധിച്ചു വരുന്ന സുവിശേഷവല്കരണത്തെയും ഭയപ്പെടണ്ടേ? ഇതൊക്കെ അന്ത്യകാല ലക്ഷണങ്ങൾ ആണെങ്കിൽ എന്തിനു ഒരു മൂന്നക്ക സംഖ്യയെ മാത്രം ഭയപ്പെടണം? ഇതെല്ലാം പോകട്ടെ. മഹോപദ്രവത്തിനു മുൻപ് സഭയെടുക്കപ്പെടുമെന്നു വിശ്വസിക്കുന്ന പെന്തെക്കോസ്തുകാരുടെ ഇടയിലാണ് ഈ പ്രചാരം ഏറ്റവും ശക്തം. അതായത് ഒന്നുകിൽ സ്വന്തം സഭയുടെ ഉപദേശത്തിൽ വിശ്വസിക്കുന്നില്ല. അല്ലെങ്കിൽ താൻ കർത്താവിന്റെ വരവിലെടുക്കപ്പെടുകയില്ല. ഇതിലേതാണ് കാരണമെന്ന് സ്വയം ശോധന ചെയ്യട്ടെ. 2 തെസ്സലോനിക്യർ 2:11,12 ‘സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കും ഭോഷ്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു’.



**നവമാധ്യമങ്ങൾ നല്ലതാണ്. സൗഹൃദം സ്ഥാപിക്കാനും പുതുക്കാനും പരസ്പരം ആശ്വസിപ്പിക്കാനും വാർത്തകൾ അറിയാനും ഒക്കെ അത് സഹായിക്കും. പക്ഷെ കൈവിട്ട ആയുധവും വാവിട്ട വാക്കും ഫോർവേഡ് ചെയ്ത സന്ദേശങ്ങളും മടക്കിയെടുക്കാനാവില്ല എന്നോർക്കുക.**

ഞാനിതെല്ലാം കണ്ടു രസിച്ചു എല്ലാം കഴിഞ്ഞിട്ടേ ഇവിടന്നു പോകൂ എന്നുറച്ചിരിക്കുന്നവർ, ഈ വാക്യം കൂടി ഓർത്താൽ നന്ന്, ‘മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്നു പറഞ്ഞു‘ (ലൂക്കോസ് 12:20). പണത്തിനും പ്രശസ്തിക്കുംവേണ്ടി സായിപ്പന്മാർ പടച്ചുവിടുന്ന പുസ്തകങ്ങളും യൂട്യൂബ് മണ്ടത്തരങ്ങളും എല്ലാമേറ്റെടുത്തു വിഴുങ്ങാൻ സർവഥാ ഒരുങ്ങി നിൽക്കുന്ന വികസ്വര രാജ്യങ്ങളിലെ ശരാശരി പൗരന്റെ എല്ലാ ദോഷവും മലയാള ദൈവസഭകളെയും വെറുതെ വിടുന്നില്ല. പാപം, നീതി, ന്യായവിധി തുടങ്ങിയ യാഥാർഥ്യങ്ങളിൽ നിന്നകന്ന് ജനത്തെ ത്രസിപ്പിയ്ക്കുന്ന കാല്പനികതയിലേക്ക് കാൽ മാറ്റി ചവിട്ടാൻ ആടുകളെ നടത്തുന്ന ഇടയന്മാർക്കും ഉത്സാഹം.

സ്ഥിര വ്യാപാരത്താലുള്ള പരിചയാനുമാനങ്ങൾ (FAMILIARITY & PREDICTABILITY) കൊണ്ട് ദൈവവചനത്തിന്റെ പ്രാധാന്യത്തിനു വരുന്ന ശോഷണം പരിശുദ്ധാത്മാവ് പണ്ടേ അറിയിച്ചതിന്റെ പൊരുൾ തിരിച്ചറിയുക. സദൃശ്യവാക്യങ്ങൾ 27:7 ‘തിന്നു തൃപ്തനായവൻ തേൻ കട്ടയും ചവിട്ടിക്കളയുന്നു’. രക്ഷിക്കപ്പെട്ട നാളുകളിൽ തേൻ പോലെ മധുരിച്ച വചനമാകുന്ന മന്ന ഓരോ മിനിറ്റിലും സ്ഥാനത്തും അസ്ഥാനത്തും വാട്ട്സാപ്പിലൂടെ കയറി മറയുമ്പോൾ ദൈവവചനത്തെ വെറുപ്പിക്കാൻ ഇതിലും വലിയൊരു തന്ത്രം പിശാചിനില്ല. കർത്താവിന്റെ മേഘപ്രത്യക്ഷതയിൽ എടുക്കപ്പെടാനല്ല അപ്പോഴും താഴെ നിന്ന് മുകളിലേക്കു ഫോക്കസ് ചെയ്ത് ഉൽപ്രാപണം ചെയ്യുന്നവരുടെ പശ്ചാത്തലത്തിൽ സെൽഫി എടുത്തു വാട്ട്സാപ്പിൽ പോസ്റ്റ് ചെയ്യാനാണല്ലോ പലരുടെയും താൽപര്യം.

കനാനിലേയ്ക്കെന്ന വ്യാജേന കർണരസമാർന്ന ഭോഷ്കു പ്രസംഗത്താൽ നാശത്തിന്റെ കടുംതൂക്കിലേക്കു തങ്ങളറിയാതെ വാട്സാപ്പിനാൽ നയിക്കപ്പെടുന്ന സമ്മിശ്രജാതിയുടെമേൽ തറയ്ക്കാൻ പിശാച് കണ്ടെത്തിയിരിക്കുന്ന ഏറ്റവും വലിയ വിഷമുള്ളാണ് നവമാധ്യമങ്ങൾ. ക്രിസ്തീയ ഭവനങ്ങളിൽ സന്ധ്യാപ്രാർഥനയും പരസ്പര വിനിമയം പോലുമില്ലാതാക്കാൻ ശക്തമാണിത്. സുവിശേഷത്തിനും വേർപാടിനും വേണ്ടി കഷ്ടവും നിന്ദയും സഹിച്ചവരുടെ തലമുറക്കാർ ക്രൈസ്തവ ഫലിതങ്ങളുടെ മൊത്തക്കച്ചവടക്കാരനായ കാപ്പിപ്പൊടിയച്ചന്റെ രണ്ടുവർഷം മുൻപ് ചെയ്ത ഒരു പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ മാത്രം അടർത്തിയെടുത്ത് അസഹിഷ്ണുതയുടെ വിഷവിത്തു പരത്താനും തിരഞ്ഞെടുത്തത് വാട്സ്ആപ്പിനെത്തന്നെ.

നവമാധ്യമങ്ങൾ നല്ലതാണ്. സൗഹൃദം സ്ഥാപിക്കാനും പുതുക്കാനും പരസ്പരം ആശ്വസിപ്പിക്കാനും വാർത്തകൾ അറിയാനും ഒക്കെ അത് സഹായിക്കും. പക്ഷെ കൈവിട്ട ആയുധവും വാവിട്ട വാക്കും ഫോർവേഡ് ചെയ്ത സന്ദേശങ്ങളും മടക്കിയെടുക്കാനാവില്ല എന്നോർക്കുക. പ്രത്യേകിച്ച് ക്രിസ്തീയ വാർത്തകൾ അയച്ചു തരുന്നവരുടെ ആത്മീയ നിലവാരം എപ്പോഴും ശ്രദ്ധിക്കണം. സദൃശ്യവാക്യം 26:6 ‘മൂഢന്റെ കൈവശം വർത്തമാനം അയക്കുന്നവൻ സ്വന്തകാൽ മുറിച്ചുകളകയും അന്യായം കുടിക്കയും ചെയ്യുന്നു‘. ദൈവവചനവും അതിന്റെ വ്യാഖ്യാനങ്ങളൂം ക്രിസ്തീയ വാർത്തകളും ഒക്കെ വെറുതെ മൊബൈൽ ഫോണിൽ തള്ളിക്കയറി വരുമ്പോൾ നന്നായി വായിച്ചു നോക്കുക. അത് ആത്മീയവർധനയ്ക്ക് ഉതകുന്നതും വചനാനുസരണവും അതിശയോക്തി രഹിതവുമെങ്കിൽ, അത് നിർമ്മിച്ചവരും അയച്ചവരും സത്യവിശ്വാസത്തെ മുറുകെപ്പിടിക്കുന്നവരാണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവർക്കയയ്ക്കാം.

അല്ലാതെ വെറുതെ ‘FORWARD AS RECEIVED‘ കളിച്ചാൽ, ‘കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ ഫേസ്ബുക്ക് പോസ്റ്റിടുകയും, വാട്സ്ആപ്പിലൂടെ വന്നതെല്ലാം അനേകർക്ക് ഫോർവേർഡ് ചെയ്യുകയും ചെയ്തു’ എന്ന് ന്യായവിധി ദിവസത്തിൽ സ്വയം നീതികരണത്തിനായി ഉറക്കെ കരയുമ്പോൾ, ‘അധർമ്മം പ്രവർത്തിക്കുന്നവരെ, ഞാൻ നിങ്ങളെ ഒരു നാളും അറിഞ്ഞിട്ടില്ല’ എന്ന മറുപടി ഉറപ്പ്. കാരണം പലരും വാട്ട്സാപ്പിലൂടെ വെറുതെ വിരൽത്തുമ്പിനാൽ തള്ളിവിട്ട ദൈവവചനമാണല്ലോ അന്നാളിൽ അവരെ ന്യായം വിധിച്ച് നിത്യനരകത്തിൽ തള്ളുന്നത്.

ഡഗ്ലസ് ജോസഫ്
duglas2007@gmail.com



# ഇന്റർവ്യൂകളെ നേരിടാൻ പതിനാലു വഴികൾ



ഇന്ത്യയിലെ ഉന്നതബിരുദധാരികളായ യുവതിയുവാക്കളുടെ സ്വപ്നകരിയറാണ് ഐഎഎസ് എന്ന മൂന്നക്ഷര ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്. എഴുത്തുപരീക്ഷയും പിന്നെ ഇന്റർവ്യൂവും പാസായാലേ കലക്ടർ, സെക്രട്ടറി തുടങ്ങി ഉന്നത സർക്കാർ ഉദ്യോഗങ്ങളുടെ ലോകത്തിലെത്തൂ. ഐഎഎസ് ഇന്റർവ്യൂ വളരെ പ്രയാസമുള്ള ഒരു കടമ്പയാണ്. ഡൽഹിയിൽ നടക്കുന്ന ഐഎഎസ് ഇന്റർവ്യൂ രംഗം: ഇന്റർവ്യൂ പാനലിനു മുൻപിൽ എസ്എസ്എൽസി, പിഡിസി, ബി.ടെക്ക് പിന്നെ ഐഎഎസ് എഴുത്തു പരീക്ഷ അങ്ങനെ അതുവരെ എഴുതിയ പരീക്ഷയിൽ എല്ലാം ഒന്നാംറാങ്കു കരസ്ഥമാക്കിയ പ്രശസ്തനായ നമ്മുടെ ഇപ്പോഴത്തെ ഐഎഎസ് ഓഫീസറായ രാജു നാരായണസ്വാമി എത്തി. ഇന്റർവ്യൂ പാനലിൽപെട്ട ഒരാൾ രാജു നാരായണസ്വാമിയുടെ ജന്മദേശം ചോദിച്ചു: ചങ്ങനാശേരി എന്നു മറുപടി പറഞ്ഞു. പെട്ടെന്നാണ് അടുത്ത ചോദ്യം, "ചങ്ങനാശേരിയും ഡൽഹിയും തമ്മിൽ എത്ര കിലോമീറ്റർ ദൂരമു്" എന്ന്. ഒട്ടും മടിക്കാതെ രാജു 'രായിരം' എന്നു തട്ടിവിട്ടു. ഇവിടെ യഥാർഥത്തിൽ ഇന്റർവ്യൂ നടത്തിയയാൾ കൃത്യം എത്ര കിലോമീറ്റർ എന്ന ഉത്തരം അല്ല പ്രതീക്ഷിച്ചത്. നേരെമറിച്ച് കാൻഡിഡേറ്റിന്റെ മനസാന്നിധ്യമാണു പരീക്ഷിച്ചത്. ആ പരീക്ഷണത്തിൽ രാജു നാരായണസ്വാമി വിജയക്കുകയും ചെയ്തു. മേൽപറഞ്ഞ സംഭവം രാജു നാരായണസ്വാമി ഞാൻ പഠിച്ചിരുന്ന ചങ്ങനാശേരി എസ്ബി കോളേജിൽ നൽകിയ സ്വീകരണത്തിൽ പറഞ്ഞ കാര്യമാണ്. രാജു അവിടുത്തെ പൂർവവിദ്യാർഥിയും അദ്ദേഹത്തിന്റെ പിതാവ് അവിടുത്തെ മാത്സ് പ്രൊഫസറുമായിരുന്നു.

ജീവിതത്തിൽ അനേകം ഇന്റർവ്യൂകൾ നമുക്കു നേരിടാനു്. സ്കൂൾ, കോളേജ് അഡ്മിഷൻ ഇന്റർവ്യൂ മുതൽ ജോലിയ്ക്ക്, പ്രമോഷന് ഒക്കെ ഇന്റർവ്യൂ ഉ്. സന്തോഷവാർത്ത എന്നത് വിജയകരമായി ഇന്റർവ്യൂ നേരിടാനുള്ള കഴിവുകൾ ഏതൊരു വ്യക്തിക്കും പരിശ്രമത്തിലൂടെ സ്വായത്തമാക്കാം എന്നതാണ്.

## ഇന്റർവ്യൂ നേരിടാൻ ശ്രദ്ധിക്കേ കാര്യങ്ങൾ

1. ഒരു ഇന്റർവ്യൂവിനു ക്ഷണം ലഭിച്ചാൽ ആദ്യമായി ആ സ്ഥാപനം, ജോലിയുടെ സ്വഭാവം, ഉത്തരവാദിത്വം എന്നിവയെപ്പറ്റി അന്വേഷിച്ച് മനസ്സിലാക്കണം. മുഖാമുഖത്തിൽ നിരവധി ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം പറയാൻ ഈ റിസേർച്ച് സഹായിക്കും.

2. സാധാരണ ഇന്റർവ്യൂവിൽ ചോദിക്കാറുള്ള ചോദ്യങ്ങൾ ശേഖരിച്ച് അതിനുള്ള മറുപടികൾ തയ്യാറാക്കണം. നേരത്തെ പ്രസ്തുത ഇന്റർവ്യൂ നേരിട്ടവരെ കാൽ ഇതിനു സഹായകരമാകും. ഉദാഹരണത്തിന് 'താങ്കളെപ്പറ്റി ലഘുവിവരണം' എന്ന ചോദ്യം പല വിദ്യാസമ്പന്നരായ ഉദ്യോഗാർഥികളെപ്പോലും തറപറ്റിച്ചിട്ടു്. ഉത്തരങ്ങൾ കാണാതെപഠിക്കാൻ ശ്രമിക്കരുത്. അതുപോലെ താങ്കളുടെ നല്ലതും മോശവുമായ സ്വഭാവസവിശേഷതകൾ തുടങ്ങിയ ചോദ്യങ്ങൾ ശരിയായ തയ്യാറെടുപ്പില്ലെങ്കിൽ ഉത്തരം പറയുക പ്രയാസമുള്ളതാക്കും.

**ഭിത്തിയിൽ നോക്കി മറുപടി പറയുക, കൈയിൽ മേശപ്പുറത്തെ പേന, മറ്റുസാധനങ്ങൾ ഇവ എടുത്തു കറക്കുക, കുനിഞ്ഞിരിക്കുക, ഇടയ്ക്കിടെ മുടി കോതിയൊതുക്കുക, വസ്ത്രം ശരിയാക്കുക എന്നിവ ഒഴിവാക്കണം.**



3. സുഹൃത്തുക്കളുടെ സഹായത്തോടെ 'മോക്ക് ഇന്റർവ്യൂ' സെഷൻ നടത്തുന്നത് ആത്മവിശ്വാസത്തോടെ മുഖാമുഖത്തെ അഭിമുഖീകരിക്കാൻ സഹായിക്കും.

4. ഇന്റർവ്യൂവിനു നിങ്ങളുടെ വസ്ത്രധാരണം പ്രധാന്യമുള്ളതാണ്. കടുത്തനിറങ്ങൾ, അമിതമായ ആഭരണധാരണം, മേക്കപ്പ്, കാഷ്വലായുള്ള വസ്ത്രങ്ങൾ ഇവ ഒഴിവാക്കണം. ഏതുജോലിക്കാണോ നാം അപേക്ഷിക്കുന്നത് ആ സ്ഥാപനത്തിൽ നിലനിൽക്കുന്ന വസ്ത്രധാരണം അതായത് പ്രൊഫഷണൽ ഡ്രസ്കോഡ് മനസ്സിലാക്കുന്നതു നല്ലതാണ്.

5. ഇന്റർവ്യൂവിന് ആവശ്യമായ സീവി, പാസ്പോർട്ട്, ഡിഗ്രി, എക്സ്പീരിയൻസ് ഇവയുടെ ആവശ്യമായ കോപ്പികൾ എടുത്ത് ഫയർ ഫോൾഡറിൽ ക്രമീകരിക്കണം. ഇന്റർവ്യൂ സമയത്ത് സർട്ടിഫിക്കറ്റുകൾപരതി സമയംകളയാൻ ഇടയാക്കരുത്. നല്ല വൃത്തിയും പ്രൊഫഷണൽ ലുക്കുള്ള ഫയൽ, നല്ല വ്യക്തമായി വായിക്കാൻ സാധിക്കുന്ന രീതിയിലുള്ള ഫോട്ടോകോപ്പികൾ, ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോകൾ ഇവയും കരുതണം.

6. ഇന്റർവ്യൂ തുടങ്ങുന്നതിനു അരമണിക്കൂർ മുൻപെങ്കിലും സ്ഥലത്തെത്തണം. നേരത്തെ എത്തിയാൽ പരിഭ്രമം കൂടാതെ തിരക്കുകൂട്ടാതെ മാനസികമായി തയ്യാറാവാൻ സഹായിക്കും.

7. നമ്മെപ്പറ്റി നല്ലൊരു ഇംപ്രഷൻ ആദ്യംതന്നെ ഉാക്കിയെടുക്കാൻ ശ്രദ്ധിക്കണം. ഇന്റർവ്യൂ നടക്കുന്ന സ്ഥാപനത്തിലെ എല്ലാവരും നിങ്ങളെ നിരീക്ഷിക്കുന്നു എന്നു കരുതണം. നല്ല പ്രസന്ന മുഖഭാവത്തോടെ അവിടുത്തെ സെക്യൂരിറ്റി മുതൽ മാനേജർ വരെ നിങ്ങൾ കുമുട്ടുന്ന ഏവരെയും ഗ്രീറ്റുചെയ്യാൻ മറക്കരുത്.

8. ഇന്റർവ്യൂ റൂമിൽ പ്രവേശിക്കുമ്പോൾ നിങ്ങളുടെ ബോഡി ലാംഗ്വേജ് പ്രധാനപ്പെട്ടതാണ്. കുനിഞ്ഞോ, വളഞ്ഞോ, ചരിഞ്ഞോ ഉള്ള രീതി പാടില്ല. നിവർന്നുനിന്ന് കണ്ണുകളിൽ നോക്കി ഇന്റർവ്യൂ ബോർഡിലെ അംഗങ്ങളെ അഭിവാദ്യം ചെയ്യണം. പുഞ്ചിരിക്കുന്ന മുഖഭാവത്തോടെ വേണം അഭിവാദനം ചെയ്യാൻ.

9. ഭിത്തിയിൽ നോക്കി മറുപടി പറയുക, കൈയിൽ മേശപ്പുറത്തെ പേന, മറ്റുസാധനങ്ങൾ ഇവ എടുത്തു കറക്കുക, കുനിഞ്ഞിരിക്കുക, ഇടയ്ക്കിടെ മുടി കോതിയൊതുക്കുക, വസ്ത്രം ശരിയാക്കുക എന്നിവ ഒഴിവാക്കണം.

10. ഇന്റർവ്യൂ ബോർഡിലുള്ളവരുടെ ചോദ്യങ്ങൾ ശരിയായി ശ്രദ്ധിച്ചുകേൾക്കണം. ചാടിക്കേറി മറുപടി പറയൽ, ഇന്റർവ്യൂ ബോർഡിലുള്ളവരുമായി വാദപ്രതിവാദം ഇവ ഒഴിവാക്കണം.

11. നിങ്ങളുടെ വിദ്യാഭ്യാസയോഗ്യതകൾ, സ്കിൽസ്, എക്സിപീരിയൻസ് എന്നിവ അപേക്ഷിച്ചിരിക്കുന്ന ജോലിക്കു ചേർന്നതാണെന്ന് ഇന്റർവ്യൂബോർഡ് അംഗങ്ങളെ ബോധ്യപ്പെടുത്തിയാൽ ജോലി ഉറപ്പായും ലഭിക്കും. ആയതിനാൽ മേൽപറഞ്ഞവ ചുരുക്കമായി വിശദീകരിച്ചു കൊടുക്കണം.

12. പ്രൊഫഷണൽ ഭാഷ ഉപയോഗിക്കണം. നാടൻപ്രയോഗങ്ങൾ ഒഴിവാക്കണം.

13. അവസാനമായി ഇന്റർവ്യൂ കഴിയുമ്പോൾ എല്ലാ ബോർഡ് അംഗങ്ങൾക്ക് നന്ദിപറയുകയും ഹസ്തദാനം ചെയ്യുകയും വേണം.

14. ഇന്റർവ്യൂവിലുടനീളം പോസിറ്റീവായ സമീപനം സ്വീകരിക്കണം. ആത്മവിശ്വാസം മുഖത്തു പ്രതിഫലിക്കണം.

## തിരുവെഴുത്തുകളുടെ പുനർവായന 6

ടൈറ്റസ് ജോൺസൻ
titustiruvalla@gmail.com

# കനാനിലേക്കുതന്നേ എന്നറിഞ്ഞ് പുറപ്പെട്ട അബ്രാഹാം

വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്ക് പോകുന്നുവെന്നറിയാതെ പുറപ്പെട്ടു (എബ്രായർ 11:8).

ഈ വാക്യത്തിലെ 'എവിടേക്ക് പോകുന്നു എന്നറിയാതെ' അബ്രഹാം യാത്ര ചെയ്തു എന്ന പ്രയോഗം തെറ്റായി വ്യാഖ്യാനിച്ചുള്ള ഒരു പൈതൃകം മിക്കവാറും ക്രൈസ്തവ പ്രഭാഷണങ്ങളിലും തുടരുന്നു്. എന്നാൽ, തിരുവെഴുത്തിൽ അബ്രഹാമിന്റെ ചരിത്രം കുറിച്ചിരിക്കുന്ന ചില ഭാഗങ്ങൾ ശ്രദ്ധയോടെ ചേർത്ത് പഠിക്കുവാൻ ശ്രമിച്ചാൽ ഈ തെറ്റ് ഒഴിവാക്കാം. അതിനുള്ള ഒരു പുനർവായനയാണ് നാം ഈ ലക്കത്തിൽ നടത്തുന്നത്. ഈ പഠനത്തിന് നാം പ്രധാനമായി നാല് വാക്യഭാഗങ്ങൾ കണക്കിലെടുക്കണം. ഉല്പ്പത്തി 11:31; 12:1; 15:7; അപ്പൊ. പ്രവൃത്തി 7:2.

മേല്പറഞ്ഞ വേദഭാഗങ്ങളിൽ നിന്നും പ്രഥമമായി നാം മനസ്സിലാക്കേ യാഥാർത്ഥ്യം, അബ്രഹാമിന് ദൈവപ്രത്യക്ഷത ആദ്യം എവിടെവെച്ച് ഉായി എന്നതാണ്. ഞാൻ എന്റെ ബാല്യകാലത്ത് എപ്പോഴോ കേട്ട ഒരു വ്യാഖ്യാനം ഉ്. 'നിന്നിലെ തേരഹ് മരിക്കണം; എങ്കിലേ ദൈവം പ്രത്യക്ഷമാകൂ! 'ഇതൊരു വിഡ്ഢിത്തമാണ്. കാരണം, ഉല്പ്പേത്തി 12:1ൽ കാണുന്നത് അബ്രഹാമിനുായ ആദ്യ ദർശനം അല്ല. അപ്പൊസ്തല പ്രവർത്തികൾ ഏഴാം അദ്ധ്യായത്തിൽ എഴുതിയിരിക്കുന്ന സ്തേഫാനോസിന്റെ പ്രസംഗം ശ്രദ്ധിച്ചാൽ, 7:2ൽ, 'നമ്മുടെ പിതാവായ അബ്രഹാം ഹാരാനിൽ വന്നു പാർക്കും മുമ്പേ മെസൊപ്പൊത്താമ്യയിൽ ഇരിക്കുമ്പോൾതന്നേ തേജോമയനായ ദൈവം അവനു പ്രത്യക്ഷനായി' എന്ന് കാണാം. ഉല്പ്പത്തി 15:7 ഇതിനു പിൻബലം നൽകുന്നു്.

അപ്പോൾ അബ്രാഹാമിന് ദൈവം ആദ്യം പ്രത്യക്ഷനായത് ഊരിൽ വെച്ചാണ്; ഹാരാനിൽ വെച്ചല്ല. അങ്ങനെയെങ്കിൽ, ഉല്പ്പത്തി 12ൽ കാണുന്നത് രാം പ്രത്യക്ഷതയാകാം. അതിനർത്ഥം തേരഹ് മരിക്കുന്നതിനു മുൻപേ, കല്ദയരുടെ പട്ടണമായ ഊരിൽ, അഥവാ സ്വന്തദേശത്തു വെച്ചുതന്നേ അബ്രഹാമിന് ദൈവപ്രത്യക്ഷത ഉായി എന്ന് നാം മനസ്സിലാക്കണം. അപ്പോൾ മുൻപറഞ്ഞ വ്യാഖ്യാനം എത്ര വികലമെന്നു തിരിച്ചറിയാം.

അടുത്ത മറ്റൊരു പ്രധാന വസ്തുത, ഊരിൽവച്ചു ദൈവശബ്ദംകേട്ട അബ്രാഹാം കനാനിലേക്ക് തന്നെയാണ് പുറപ്പെട്ടത് എന്നതാണ്. എന്നാൽ മെസൊപ്പൊത്താമ്യയിൽനിന്നും പുറപ്പെട്ട യാത്ര നയിച്ചത് തേരഹ് ആയിരുന്നുവെന്നതാണ് അബ്രഹാമിന് ലഭിച്ച ദൈവശബ്ദത്തിൽ നിന്നുള്ള വ്യതിചലനം. ഉല്പ്പത്തി 11:33ൽ ഇതു നാം വായിക്കുന്നു്. കൂടാതെ, 'കനാൻ ദേശത്തേക്ക് പോകുവാൻ പുറപ്പെട്ടു' എന്ന് നാം അവിടെ വ്യക്തമായി കാണുന്നു. കനാൻ ലക്ഷ്യമാക്കിയാണ് ആ യാത്ര മുന്നേറിയത് എന്നു അവിടെ കാണാം. അപ്പൊ. 7:3ൽ അതും പരിശുദ്ധാത്മാവ് സാധൂകരിക്കുന്നു്. ഊരിൽ വെച്ചുള്ള ആദ്യത്തെ ദൈവശബ്ദത്തിൽ തന്നേ, 'നിന്റെ ദേശത്തെയും നിന്റെ ചാർച്ചക്കാരെയും വിട്ടു ഞാൻ നിനക്ക് കാണിച്ചുതരുന്ന ദേശത്തേക്ക് (...and come into the land that I will point out to you) എന്ന് വ്യക്തമായി ദൈവം പറഞ്ഞിരുന്നു. ഒരുപക്ഷേ, എത്തിച്ചേരേ സ്ഥലത്തെപ്പറ്റി വിശദീകരണം ഒന്നും ലഭ്യമായിട്ടില്ലായിരിക്കാം. അതുകൊ് കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തെക്കോട്ടോ വടക്കോട്ടോ എന്ന് പറഞ്ഞുതരാതെ ഉഴന്നുനടക്കുവാനല്ല ദൈവം വിളിച്ചത്. യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ പറഞ്ഞയച്ചപ്പോഴും പോകേ സ്ഥലത്തെപ്പറ്റി ദൈവം പറയുകയും മൂന്നാം ദിവസം അബ്രഹാം നോക്കി ദൂരത്തുനിന്ന് ആ സ്ഥലം കു എന്നും എഴുതിയിരിക്കുന്നു. ദൈവശബ്ദം എന്നും അർത്ഥപൂർണമാണ്.

'അബ്രഹാം ഏകനായി പുറപ്പെടുക' എന്ന ദൈവിക ഉദ്ദേശ്യം അദ്ദേഹം ഗ്രഹിച്ചില്ല എന്നതാണ് ഇവിടുത്തെ ഒരു പ്രധാന പ്രശ്നം. മാനുഷികമായ അനുകമ്പകൊാകാം തേരഹിനെയും ലോത്തിനെയും ഒക്കെ കൂടെ കൂട്ടേിവന്നത്. എന്നാൽ, അത്തരം അനുകമ്പകൾക്ക് ചിലപ്പോൾ ദൈവവിളിയിൽ പ്രസക്തിയില്ല. അതൊക്കെ വിട്ടുപിരിയുന്നതുവരെ വാഗ്ദത്ത കനാനിലേക്കുള്ള യാത്ര വൈകിയെന്നത് ഒരു യാഥാർത്ഥ്യമാണ്. അത് മാത്രമല്ല, ഇടയ്ക്കുവെച്ച് ഹാരാനിൽ പാർത്തതിനാൽ യാത്ര കുറേക്കാലത്തേക്ക് മുടങ്ങുകയും ചെയ്തു. അവിടെവെച്ച് തേരഹ് മരിക്കുന്നു. എന്നാൽ വീും ദൈവം അബ്രഹാമിനോട് 'പിതൃഭവനത്തെയും ചാർച്ചക്കാരെയും' വിട്ടൊഴിയുവാൻ ആവശ്യപ്പെടുന്നുവെങ്കിലും ലോത്തിനെയും കൂട്ടി യാത്ര വീും തുടരുന്നു. ആ ദിനങ്ങളും പ്രശ്നപൂരിതമാകുന്നു. ഒടുവിൽ ലോത്തിനെയും ഒഴിവാക്കിയേ പറ്റൂ എന്നൊരു സമ്മർദ്ദത്തിലേക്ക് അബ്രഹാം എത്തി. ഒഴിവാക്കേതെല്ലാം നിർബന്ധപൂർവം ഒഴിവാക്കിയെങ്കിൽ മാത്രമേ വാഗ്ദത്തത്തിലേക്കുള്ള മുന്നേറ്റം സുഗമമാകൂ എന്നൊരു സന്ദേശം ഇവിടെ തെളിയുന്നു്.

> ദർശനം നൽകി വിളിച്ചിറക്കിയ ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയബോധം, അതാണ് വിശ്വാസത്തിനുള്ള ശരിയായ നിർവചനം. അവ്യക്തതകളിലും ഉറെച്ച ചുവടുവെയ്പ്പുകളോടെ മുന്നേറുക. അല്ലാതെ, കണ്ണടച്ചിരുന്നു സ്വന്തയിഷ്ട നിവൃത്തികളെപ്പറ്റി ദിവാസ്വപ്നംകണ്ട് തപ്പിത്തടയുന്നതല്ല വിശ്വാസം.

ഈ വേദഭാഗങ്ങൾ ചേർത്തു പഠിച്ചാൽ, കനാനിലാണ് എത്തിച്ചേരേതെന്ന് അറിയാമെങ്കിലും, വഴിയോ ലക്ഷ്യമോ അബ്രഹാമിന് അറിയില്ലായിരുന്നു എന്ന് മനസ്സിലാക്കാം. മാത്രമല്ല, ചെന്നുചേരുന്ന ആ സ്ഥലം എങ്ങനെയുള്ളത്? അവിടുത്തെ ആളുകൾ എങ്ങനെയുള്ളവർ? അവിടെ ചെന്നെത്തിയാൽ എവിടെ പാർക്കണം? എങ്ങനെ ജീവിതം നയിക്കണം? തുടങ്ങിയുള്ള അനേക കാര്യങ്ങൾ അബ്രഹാമിന് അജ്ഞമായിരുന്നു. 'എവിടേക്ക് പോകുന്നുവെന്ന് അറിയാതെ' പുറപ്പെട്ടു എന്നതിന്റെ അർത്ഥം ഇതാണ്.

അതായത്, ഇറങ്ങി പുറപ്പെട്ടുപോന്ന ദേശത്തിനും ചെന്നെത്തേ ലക്ഷ്യത്തിനും ഇടയിലുള്ള അജ്ഞത! വിശ്വാസജീവിതത്തിൽ മിക്കപ്പോഴും ഇതൊരു സത്യമാണ്. എന്നാൽ ഇവിടെയാണ് വിശ്വാസത്തിന്റെ പ്രസക്തി. ദർശനം നൽകി വിളിച്ചിറക്കിയ ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയബോധം, അതാണ് വിശ്വാസത്തിനുള്ള ശരിയായ നിർവചനം. അവ്യക്തതകളിലും ഉറെച്ച ചുവടുവെയ്പ്പുകളോടെ മുന്നേറുക. അല്ലാതെ, കണ്ണടച്ചിരുന്നു സ്വന്തയിഷ്ട നിവൃത്തികളെപ്പറ്റി ദിവാസ്വപ്നംക് തപ്പിത്തടയുന്നതല്ല വിശ്വാസം. എത്തിച്ചേരേ സ്ഥലത്തെപ്പറ്റി ഒന്നും അറിയില്ലെങ്കിലും അത് അധികം നല്ലത്, സ്വർഗ്ഗീയമായത് എന്ന് മനസ്സിലാക്കി, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് ദൈവം കാട്ടിയ വഴിയിലൂടെ മുന്നേറി എന്നതാണ് അബ്രഹാമിനെ വിശ്വാസികളുടെ പിതാവ് എന്ന നിലവാരത്തിൽ എത്തിച്ചത്. ആ അനുഗ്രഹമാണ് നമ്മിലേക്കും വരേതെന്ന് പൗലൊസ് ഗലാത്യ സഭകൾക്ക് എഴുതിയ ലേഖനത്തിലൂടെ വ്യക്തമാക്കുന്നു്. അതിനായി നമുക്ക് ദൈവം നൽകിയ മുഖാന്തിരമായ പരിശുദ്ധാത്മാവിൽ ദിനംതോറും ആശ്രയിക്കാം.

In Abu Dhabi & In Mussafa
അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവരുടെ ശ്രദ്ധയ്ക്ക്!
ഐ.പി.സി. ഏബനേസർ
മുസഫായിലും അബുദബി സിറ്റിയിലും നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു.
മുസഫായിൽ: എല്ലാ വ്യാഴാഴ്ചകളിലും രാത്രി 7.45 മുതൽ 10.00 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ്-1ൽ ആരാധനായോഗം
വെള്ളിയാഴ്ചകളിൽ രാവിലെ 9.45 മുതൽ 12.15 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ്-2ൽ ഉപവാസപ്രാർഥനയും ആരാധനയും.
അബുദബി സിറ്റിയിൽ: എല്ലാ തിങ്കളാഴ്ചകളിലും രാത്രി 8.00 മുതൽ 10.00 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ അപ്പർ ചാപ്പൽ 2-ൽ (1st Floor) ആരാധനായോഗം.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
PR. C. GEORGE MATHEW 050 7213965
PR. JACOB SAMUEL 050 3332358

അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം.
രോഗികൾക്കായി പ്രാർഥന, യൂത്ത് മീറ്റിംഗ്, ലേഡീസ് മീറ്റിംഗ്, ലേബർ ക്യാമ്പ് സന്ദർശനം, ഞായർ, വ്യാഴം, വെള്ളി ദിവസങ്ങളിൽ മീറ്റിംഗ്, വാഹന ക്രമീകരണം.
IPC ZION CHURCH
Mussaffa, Abu-Dhabi
THE INDIA PENTECOSTAL CHURCH OF GOD
KUMBANAD, KERALA
Our Regular Service
Sunday Worship 8 pm to 10 pm BCC G-3,
Thursday Meeting 8 pm to 10 pm,
Friday Fasting Prayer 12 pm to 2.30 pm
For more information:
Pr. P.M. Samuel (Sam Koodal)
050 5419678, 056 2244464
Evg. Aby M. Varghese
056 3202233

# യേശുവിന്റെ കല്ലറയിലെ ഫലകംതുറന്നു: ഇനി ശാസ്ത്രീയപഠനം

**യെരൂശലേം:** യേശുവിന്റെ കല്ലറയ്ക്കുള്ളിലെ മാർബിൾ ഫലകം നൂറ്റാണ്ടുകൾക്കുശേഷം ശാസ്ത്രജ്ഞന്മാർ മാറ്റി ഗവേഷണം നടത്തുന്നതിന്റെ ഭാഗമായാണിത്. യേശുവിന്റെ മൃതദേഹം കിടത്തിയതെന്നു കരുതുന്ന കല്ലറയ്ക്കുള്ളിലെ ശില കണ്ടെത്തി അതു ശാസ്ത്രീയപഠനത്തിനു വിധേയമാക്കാനാണു ശ്രമമെന്നു നാഷണൽ ജിയോഗ്രഫിക് സൊസൈറ്റി പുരാവസ്തു ഗവേഷകൻ ഫ്രെഡറിക് ഹൈബെർട്ട് അറിയിച്ചു.


റോമൻ ചക്രവർത്തി കോൺസ്റ്റന്റൈയിന്റെ മാതാവ് ഹെലിനയാണ് ഏഡി 326 ൽ യേശുവിന്റെ കല്ലറ കണ്ടെത്തിയതെന്നാണു കരുതുന്നത്. അവിടെ യേശുവിന്റെ മൃതദേഹം കിടത്തിയതെന്നു കരുതുന്ന ശില ഭദ്രമായി സംരക്ഷിക്കാനായി ആ ഭാഗം മാർബിൾഫലകംകൊു മൂടി. കുറഞ്ഞത് ഏഡി 1555 മുതൽ ഈ ഫലകം അവിടെയു്. ഈ മാർബിൾ ഫലകം മാറ്റി യേശുവിന്റെ മൃതദേഹം കിടത്തിയതെന്നു കരുതുന്ന യഥാർഥ ശില കണ്ടെത്തി അതിനെ ശാസ്ത്രീയപരീക്ഷണത്തിനു വിധേയമാക്കാനാണ് പുരാവസ്തു ഗവേഷകരും ശാസ്ത്രജ്ഞരും ശ്രമിക്കുന്നത്.

ഇതു ദീർഘനാളത്തെ ശാസ്ത്രീയപഠനം ആവശ്യമായ സംരംഭമാണ്. എന്നാൽ, ആദ്യമായി നടക്കുന്ന ഈ ശാസ്ത്രീയപഠനം കല്ലറയെക്കുറിച്ച് അനേകപഠനങ്ങൾ പുറത്തുകൊുവരുമെന്നാണ് കരുതുന്നതെന്ന് ഫ്രെഡറിക് ഹൈബെർട്ട് പറഞ്ഞു. തീപിടുത്തത്തെത്തുടർന്ന് 1808 – 1810 കാലഘട്ടത്തിൽ കല്ലറ ഭാഗികമായി പുനർനിർമിച്ചിരിക്കുന്നു. ഈ ഭാഗങ്ങളും പഠനത്തിനു വിധേയമാക്കും. കല്ലറയ്ക്കുള്ളിൽ നടത്തുന്ന എല്ലാ പരീക്ഷണങ്ങളും കൃത്യമായി ചിത്രീകരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു്.

## 2016 ഏറ്റവും ചൂടുകൂടിയ വർഷം

റൊഖിഷ് (മൊറോക്കോ): 2016 ഇന്നുവരെയുായതിൽ ഏറ്റവും ചൂടുകൂടിയ വർഷമായിരിക്കുമെന്ന് ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ നിരീക്ഷണസംഘടന (ഡബ്ല്യുഎംഒ). കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന കെടുതികൾ തടയുന്നതിന് ആഗോളതാപനില രു ഡിഗ്രി സെൽഷ്യസിൽ പിടിച്ചുനിർത്തണമെന്നാണ് ലോകരാജ്യങ്ങൾ പാരിസ് ഉടമ്പടിയിൽ അംഗീകരിച്ചത്. എന്നാൽ, ഇപ്പോൾത്തന്നെ അത് 1.5 ഡിഗ്രി സെൽഷ്യസിൽ എത്തിയിട്ടുള്ളതായും സംഘടന ചൂിക്കാട്ടി. ഓരോ വർഷവും ചൂടുകൂടുകയാണ്. റോഖിഷിൽ യുഎൻ അംഗരാജ്യങ്ങളുടെ കാലാവസ്ഥാ ചർച്ചയിലാണ് റിപ്പോർട്ട് പുറത്തുവിട്ടത്.

## സംഗീതം കേൾപ്പിക്കൂ... കുഞ്ഞുങ്ങളിലെ വിഷാദമകറ്റാം



മ്യൂസിക് തെറാപ്പി കുട്ടികളിലെ വിഷാദംകുറയ്ക്കും. ചെറിയകുട്ടികളുടെയും കൗമാരക്കാരുടെയും സ്വഭാവവൈകാരികപ്രശ്നങ്ങളും തെറാപ്പികൊ് മാറ്റിയെടുക്കാനാകുമെന്നാണ് പുതിയ പഠനം തെളിയിക്കുന്നത്. എട്ടിനും പതിനാറിനും ഇടയിൽ പ്രായമുള്ള 251 പേരിൽ നടത്തിയ ഗവേഷണത്തിന്റെ അടിസ്ഥാനത്തിലാണ് കണ്ടെത്തൽ. ചൈൽഡ് സൈക്കോളജി ആൻഡ് സൈക്യാട്രിയിലാണ് പഠനത്തിന്റെ പൂർണവിവരങ്ങൾ പ്രസിദ്ധീകരിച്ചത്.

മ്യൂസിക് തെറാപ്പിക്കു വിധേയരായ കുട്ടികളിൽ ആശയവിനിമയശേഷിയും പരസ്പരസമ്പർക്കവും കൂടിയതായി കണ്ടെത്തി. കൗമാരക്കാരിൽ സാമൂഹിക ഇടപെടലുകളും വർധിച്ചു. കൗമാരക്കാരിലെയും കുട്ടികളിലെയും മാനസികാരോഗ്യം വീടെടുക്കാനും സ്വഭാവവൈകൃതങ്ങൾ ഇല്ലാതാക്കാനും മ്യൂസിക് തെറാപ്പിക്കു സാധിക്കും. ബ്രിട്ടനിലെ ബർണമൗത്ത് സർവകലാശാല പ്രൊഫ. സാം പോർട്ടർ പറയുന്നു. കുട്ടികളിലെ മാനസികപിരിമുറുക്കം മാറ്റാൻ രക്ഷിതാക്കൾക്ക് ഇനി പുതുവഴികൾ തേടിപ്പോക എന്നു ചുരുക്കം.

## സ്മാർട്ട്ഫോൺ ആസക്തി വിലയിരുത്താൻ അഡിക്ടോമീറ്റർ



ഊണിലും ഉറക്കത്തിലും സ്മാർട്ട്ഫോൺ താഴെവയ്ക്കാത്തവരാണ് പലരും. സ്വന്തം വീട്ടുകാർക്കൊപ്പമുള്ളതിലും അധികം സ്മാർട്ട്ഫോണുകളിലാണ് ഇവർ സമയം ചെലവഴിക്കുന്നത്. നിങ്ങൾക്ക് സ്മാർട്ട്ഫോൺ ആസക്തിയുണ്ടോ? എപ്പോഴെങ്കിലും അങ്ങനെയൊരു ചോദ്യം സ്വയം ചോദിച്ചിട്ടുണ്ടോ? എങ്കിൽ നിങ്ങളെ സഹായിക്കാൻ ഇതാ ഒരു സ്മാർട്ട്ഫോൺ ആപ്ലിക്കേഷൻ, പേര് അഡിക്ടോ മീറ്റർ. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന ഈ ആപ്ലിക്കേഷൻ നിങ്ങളുടെ ദിവസേനയുള്ള ഫോൺ ഉപയോഗം എത്രയാണെന്നും അതിനോടുള്ള നിങ്ങളുടെ ആസക്തി എങ്ങനെയാണെന്നും അറിയാൻ സഹായിക്കും.

അതുവഴി ആഗ്രഹിക്കുന്ന രീതിയിൽ ഫോൺഉപയോഗം കുറയ്ക്കാനും നിയന്ത്രിക്കാനും സാധിക്കും. ചില ചോദ്യങ്ങളിലൂടെയാണ് ഈ ആപ്ലിക്കേഷൻ സ്മാർട്ട്ഫോൺ ആസക്തി വിലയിരുത്തുന്നത്. നിങ്ങൾ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നത്. ചോദ്യങ്ങൾക്കൊടുവിൽ നിങ്ങളുടെ സ്മാർട്ട്ഫോൺ ആസക്തി എത്രയാണെന്നും അതിനെ ഏതുരീതിയിൽ നേരിടണമെന്നുമുള്ള നിർദേശവും ആപ്പിൽ വ്യക്തമാകും.

## സിസേറിയനിൽ ജനിച്ച കുട്ടികൾക്ക് പൊണ്ണത്തടി സാധ്യത കൂടുതൽ

വാഷിംഗ്ടൺ: സിസേറിയനിലൂടെ ജനിച്ച കുട്ടികൾക്ക് സാധാരണപ്രസവത്തിലെ കുട്ടികളെക്കാൾ പൊണ്ണത്തടി സാധ്യത 40 ശതമാനം കൂടുതലാണെന്ന് പഠനം. സിസേറിയൻവഴി ജനിക്കുന്ന കുഞ്ഞുങ്ങളുടെ അമ്മമാർക്കും അധികഭാരമുെങ്കിൽ പൊണ്ണത്തടി സാധ്യത 40 ശതമാനത്തിലും കൂടുതലാകും. അമിതഭാരമുള്ള അമ്മമാർ സാധാരണപ്രസവത്തിലൂടെയാണ് കുഞ്ഞുങ്ങൾക്ക് ജന്മംനല്കുന്നതെങ്കിൽ പൊണ്ണത്തടിക്കുള്ള സാധ്യത കുറയുമെന്നും യുഎസിലെ ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ പറയുന്നു.

പ്രസവസമയത്തെ അമ്മയുടെ ഭാരം, വിദ്യാഭ്യാസം, പ്രസവത്തിനു മുൻപുള്ള ബോഡിമാസ് ഇൻഡക്സ്, ഗർഭസമയത്തെ കൂടിയഭാരം, വായുമലിനീകരണം, ജനനസമയത്തെ കുട്ടിയുടെ ഭാരം എന്നിവ അടിസ്ഥാനമാക്കിയാണ് പഠനം നടത്തിയത്. അമിതഭാരമുള്ള അമ്മമാർ പൊണ്ണത്തടിയുള്ള കുഞ്ഞുങ്ങൾക്കാണു ജന്മനൽകുന്നതെങ്കിലും പ്രസവം സിസേറിയൻവഴിയാകുമ്പോൾ ഇതിനുള്ള സാധ്യത കൂടുന്നതായാണ് പഠനത്തിൽ കണ്ടെത്തിയത്. സാധാരണപ്രസവത്തിൽ കുഞ്ഞ് പുറത്തുവരുന്ന ബർത്ത് കാനലിൽ അടങ്ങിയ ജീവാണുക്കളാണ് ഇത്തരം മാറ്റത്തിനു കാരണമെന്നാണു ഗവേഷകരുടെ നിഗമനം. ഈ ജീവാണുക്കൾ കുഞ്ഞുങ്ങളുടെ ആരോഗ്യം, പ്രതിരോധശേഷി, ഉപാപചയം എന്നിവയെ ബാധിക്കുന്നുവെന്ന് കരുതുന്നതായി പഠനത്തിനു നേതൃത്വംകൊടുത്ത ഗവേഷകൻ നോയൽ മുള്ളർ അറിയിച്ചു.

## നേരത്തെയുള്ള ആർത്തവവിരാമം അസ്ഥിക്ഷയത്തിനു കാരണമാകും

നാൽപതു വയസ്സിനു മുൻപ് ആർത്തവവിരാമം ഉാകുന്നത് അസ്ഥിക്ഷയത്തിന് ആക്കംകൂട്ടുമെന്ന് പഠനം. കാൽസ്യവും വൈറ്റമിൻ ഡിയും നൽകിയാലും ഇവരിൽ എല്ലു തേയ്മാനസാധ്യത കൂടിനിൽക്കുന്നു. നോർത്തമേരിക്കൻ മെനൊപോസ് സൊസൈറ്റി (എൻഎഎംഎസ്)യുടെ മെനൊപോസ് ജേർണലിലാണ് ഇതു സംബന്ധിച്ച പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

അസ്ഥികൾക്കു ബലം വർധിക്കാൻ കാൽസ്യം, വൈറ്റമിൻ ഡി സപ്ലിമെന്റുകളും ഹോർമോൺ തെറാപ്പിയുമാണ് ചെയ്തുവരുന്നത്. എന്നാലും, നേരത്തെ ആർത്തവവിരാമം കാണുന്നവരിൽ ഇത് ഫലപ്രദമാകുന്നില്ലെന്ന് പഠനത്തിൽ കണ്ടെത്തി. 22,000 സ്ത്രീകളെയാണ് ഗവേഷകസംഘം ഇതിനായി പഠിച്ചത്. ഇതിൽ 50 വയസ്സിനുശേഷം ആർത്തവവിരാമമുായവരെക്കാൾ പതിന്മടങ്ങാണ് 40 വയസ്സിനു മുൻപ് ആർത്തവവിരാമം ഉായവരിൽ എല്ലുതേയ്മാനസാധ്യതയെന്ന് തെളിഞ്ഞു.

എല്ലുതേയ്മാനം ചികിത്സിക്കും മുൻപ് ആരോഗ്യവിദഗ്ധർ രോഗിയുടെ ആർത്തവവിരാമസമയം കൂടി പരിശോധിക്കണമെന്നാണ് പഠനം തെളിയിക്കുന്നതെന്ന് എൻഎഎംഎസ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺ പിൻകെർട്ടൻ അറിയിച്ചു.

ഡോ. ജെയിംസ് ജോർജ്, വെൺമണി

# 'അമ്മ' പഠിപ്പിക്കാത്ത 'ഒരു കാര്യം'

വാതോരാത്ത ചോദ്യങ്ങൾകൊ് പെറ്റതള്ളയെ വീർപ്പുമുട്ടിക്കുന്ന കാലമാണ് രു മുതൽ നാലു വയസ്സുവരെയുള്ള കുട്ടിക്കാലം. ഈ ചോദ്യങ്ങൾ പലതും മക്കൾ അമ്മയോടു ചോദിക്കുന്നത് കേവലം ഉത്തരത്തിനപ്പുറം ശ്രദ്ധപിടിച്ചെടുക്കാനാണ്. ഈ കുസൃതി ചോദ്യങ്ങൾക്ക് അമ്മ തന്നാലാവോളം ഉത്തരം നൽകാൻ ശ്രമിക്കാറുമു്. കുറിക്കുകൊള്ളുന്ന ചോദ്യങ്ങൾ വരുമ്പോൾ അമ്മ ചിലപ്പോൾ തന്ത്രപരമായി രക്ഷപ്പെടുകയും ചെയ്യും.

മക്കളെ പഠിപ്പിക്കുന്നതിലും അമ്മ പിശുക്കുകാണിക്കാറില്ല. അറിവിന്റെ ചക്രവാളത്തിലേക്ക് അമ്മ കുഞ്ഞിനെ കൂട്ടിക്കൊുപോകുന്നു. ആകാശത്തിന്റെ കീഴിൽ ഭീമിയുടെ മുകളിലുള്ള പല വിഷയങ്ങളും അമ്മയുടെ സിലബസിൽ ഉൾപ്പെടും. മാധ്യമങ്ങളുടെ ലോകത്തുനിന്നും വ്യത്യസ്തമായി പ്രായത്തിന് അനുയോജ്യമായി മാത്രം മക്കളെ പഠിപ്പിക്കാൻ അമ്മ പ്രത്യേകം ശ്രദ്ധിക്കുന്നു. കുഞ്ഞിന്റെ 'വയറിന്റെ അളവും' 'മനസ്സിന്റെ പക്വതയും' അമ്മയ്ക്ക് അന്യമല്ലല്ലോ? പാഠ്യവിഷയങ്ങൾ മക്കളെ പഠിപ്പിക്കുന്നതിൽ അമ്മ ഒരിക്കലും വിട്ടുവീഴ്ചയ്ക്കു തയ്യാറുമല്ല. 'പഠിയെടാ, പഠിയെടീ' എന്ന ശബ്ദം ചിലപ്പോൾ അവധിക്കാലങ്ങളിലും അമ്മയിൽനിന്നും മക്കൾ ആവശ്യത്തിലധികം കേൾക്കേിവരും. കാരണം, മക്കൾക്ക് എല്ലാവിഷയത്തിനും 'എ പ്ലസ്' പെറ്റമ്മയുടെ സ്വപ്നമാണല്ലോ?

എന്നാൽ, മക്കൾ പഠിക്കാൻ അമ്മ ആഗ്രഹിക്കാത്തതും അവരെ പഠിപ്പിക്കാത്തതുമായ ഒരു പാഠമു്, അമ്മയിൽനിന്നും വിട്ടുപിരിയുക എന്ന പ്രധാനപാഠമാണത്. ഈ സത്യം അമ്മ മക്കളിൽ നിന്നും അറിഞ്ഞോ അറിയാതെയോ ഒളിപ്പിച്ചുവെക്കുന്നു. സ്നേഹംകൊാ ചിലപ്പോൾ അറിവില്ലായ്മകൊാ അമ്മ ഒളിപ്പിച്ചുവെച്ചിരിക്കുന്ന ഈ പാഠം കത്തൊൻ മക്കളുടെ കണ്ണുകളുടെ ലെൻസ് തുറക്കണം. വിവാഹംകഴിഞ്ഞാലും ചില സ്നേഹനിധികളായ അമ്മമാർ സ്നേഹപൂർവം മകകളെ ജീവിതപങ്കാളിക്കു വിട്ടുകൊടുക്കാതിരിക്കും. 'മക്കൾ വിട്ടുപിരിയാൻ' മാതാപിതാക്കൾ പഠിപ്പിക്കാത്തതും വിട്ടുപിരിയാൻ അനുവദിക്കാത്തതുമായ സമീപനം മക്കളുടെ കുടുംബജീവിതത്തിൽ പലപ്പോഴും പ്രത്യാഘാതങ്ങൾ ഉാക്കാറു്. മക്കൾ മാതാപിതാക്കളെ വിട്ടുപിരിയാനും മാതാപിതാക്കൾ മക്കളെ വിട്ടുകൊടുക്കാനും തയ്യാറാകണം. രക്തബന്ധത്തെക്കാൾ ദൃഢമായ വേരുകളാണ് പുതുതായി ജന്മം കൊള്ളുന്ന മക്കളുടെ കുടുംബജീവിതം എന്ന തിരിച്ചറിവിലൂടെ മാത്രമേ ഈ വിട്ടുകൊടുക്കൽ മാതാപിതാക്കൾക്കു സാധ്യമാകൂ. മാതൃത്വത്തിന്റെ മഹത്ത്വം പൂർണതനേടുന്നത് ഈ തിരിച്ചറിവിലൂടെയാണ്.

> 'പഠിയെടാ, പഠിയെടീ' എന്ന ശബ്ദം ചിലപ്പോൾ അവധിക്കാലങ്ങളിലും അമ്മയിൽനിന്നും മക്കൾ ആവശ്യത്തിലധികം കേൾക്കേണ്ടിവരും. കാരണം, മക്കൾക്ക് എല്ലാവിഷയത്തിനും 'എ പ്ലസ്' പെറ്റമ്മയുടെ സ്വപ്നമാണല്ലോ?

അമ്മയിൽനിന്നും മക്കൾ വേർപിരിയുന്നത് പ്രധാനമായും മൂന്നുഘട്ടങ്ങളിലായിട്ടാണ്. ഈ വേർപിരിയലുകളൊക്കെ മക്കളുടെ ആരോഗ്യപരവും സമഗ്രവുമായ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ഒന്നാമത്തെ വേർപിരിയൽ സംഭവിക്കുന്നത് അമ്മയും കുഞ്ഞും തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന പൊക്കിൾക്കൊടി മുറിച്ചുമാറ്റുന്നതിലൂടെയാണ്. അമ്മയും കുഞ്ഞുംതമ്മിലുള്ള ശാരീരികബന്ധം ഈ മുറിച്ചുമാറ്റത്തിലൂടെ രാക്കപ്പെടുന്നു. രാമത്തെ മാറ്റം കൗമാരകാലഘട്ടത്തിൽ സംഭവിക്കുന്നതാണ്. ശിക്ഷിക്കുന്ന അമ്മയിൽ നിന്നും അരുതുകൾ പറയാത്ത കൂട്ടുകാരിലേക്കു നടന്നുനീങ്ങുന്ന സമയമാണിത്. മാതാപിതാക്കളെ ശിക്ഷകർത്താക്കളായും, കൂട്ടുകാരെ രക്ഷകർത്താക്കളായും തെറ്റിദ്ധരിക്കുന്ന ഈ കാലഘട്ടം. മൂന്നാമത്തെ മാറ്റം സംഭവിക്കുന്നത് വിവാഹത്തിലൂടെയാണ്. മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ജീവിതപങ്കാളിയോടു പറ്റിച്ചേരുന്ന സമയമാണിത്. ആ വിട്ടുപിരിയലിനെ അംഗീകരിക്കാൻ മാതാപിതാക്കളുടെ മനസ്സിനെ പാകപ്പെടുത്തണം. മക്കൾ പറിച്ചുനടലിനു വിധേയപ്പെടേവരാണെന്നുള്ള തിരിച്ചറിവോടെ ചെറുപ്പംമുതൽ മക്കളെ വളർത്തബുദ്ധിമുട്ട് കൂടാതെ മക്കൾക്കു മാതാപിതാക്കളെ വിട്ടുപിരിയാനും മാതാപിതാക്കൾക്കു മക്കളെ വിട്ടുകൊടുക്കാനും കഴിയും. അതിലൂടെ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും സാഫല്യമാണ് സംഭവിക്കുന്നത്.






ഏ.ജി. മലയാളം റീജിയൻ സംയുക്ത ആരാധനയിൽനിന്ന്.

# ഏജി മലയാളം റീജിയൻ സംയുക്താരാധന നടത്തി

ഷാർജ: അസംബ്ലീസ് ഓഫ് ഗോഡ് യുഎഇ റീജിയൻ മലയാളം ഫെലോഷിപ്പ് ആരാധന യൂണിയൻ ചർച്ചിൽ അനുഗ്രഹമായി നടന്നു. പ്രസിഡന്റ് പാസ്റ്റർ ജേക്കബ് വർഗീസിന്റെ അധ്യക്ഷതയിൽ ജനറൽ സെക്രട്ടറി റവ. ഡോ. ഐസക്ക് വി. മാത്യു പ്രസംഗിച്ചു. പാസ്റ്റർ എം.എ. ഫിലിപ്പിന്റെ നേതൃത്വത്തിൽ നടന്ന തിരുവത്താഴത്തിൽ പാസ്റ്റർമാരായ ജേക്കബ് വർഗീസ്, മണി ഇമ്മാനുവേൽ, പി.ഡി. ജോയിക്കുട്ടി, ഗീവർഗീസ് ജേക്കബ്, സജി ആൻഡ്രൂസ്, ലിയോ ചെറിയാൻ, എം.എ. തോമസ്, ബാബു ഡാനിയേൽ, സാ എം. എന്നിവർ ശുശ്രൂഷിച്ചു. സെക്രട്ടറി ടോം എം. ജോർജ്, ട്രഷറർ ജോൺ ജോർജ്, തോമസ് മാത്യു, തോമസ് ജോൺ എന്നിവർ നേതൃത്വം നൽകി.

# പിവൈപിഎ യുഎഇ റീജിയനു നവനേതൃത്വം



പി.എം. സാമുവേൽ, സൈമൺ ചാക്കോ, ഷിബു മുള്ളംകാട്ടിൽ, ജോബിൻ സി. ജോൺ, സാമുവേൽ സി. ജോൺസൻ, ജെൻസൻ മാമ്മൻ, ബ്ലസൻ തോണിപ്പാറയിൽ, റോബിൻ സാം മാത്യു, റ്റോജോ തോമസ്.

ഷാർജ: പിവൈപിഎ യുഎഇ റീജിയൻ ജനറൽബോഡി യോഗം നവംബർ 26നു ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. ഐപിസി യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗെർസീം പി. ജോൺ അധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി പാസ്റ്റർ പി.എം. സാമുവേൽ (പ്രസിഡന്റ്), പാസ്റ്റർ സൈമൺ ചാക്കോ (വൈസ് പ്രസിഡന്റ്), ഷിബു മുള്ളംകാട്ടിൽ (സെക്രട്ടറി), ജോബിൻ സി. ജോൺ (ജോ. സെക്രട്ടറി), പാസ്റ്റർ സാമുവേൽ സി. ജോൺസൻ (ട്രഷറർ), ജെൻസൻ മാമ്മൻ (ജോ. ട്രഷറർ), ബ്ലസൻ തോണിപ്പാറയിൽ (പബ്ലിസിറ്റി കൺവീനർ), റോബിൻ സാം മാത്യു (റീജിയൻ പ്രതിനിധി), റ്റോജോ തോമസ് (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

## നിത്യതയിൽ



വീയപുരം: പായിപ്പാട് മാനാപ്പള്ളി കൊട്ടാരത്തിൽ എം.ബി. റോയി (86) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 10നു വീയപുരം പായിപ്പാട് ഐപിസി സെമിത്തേരിയിൽ നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ ബിജു പനംതോട്ടത്തിൽ നേതൃത്വം നൽകി. പാസ്റ്റർ സണ്ണി അലക്സാർ മുഖ്യസന്ദേശം നൽകി. പാസ്റ്റർ എം.വി. വർഗീസ് ശവസംസ്കാരശുശ്രൂഷ നടത്തി. ഭാര്യ: തുവയൂർ കോളൂർതടത്തിൽ കുഞ്ഞമ്മ. മക്കൾ: ബെഞ്ചമിൻ കെ. റോയി (ജനറൽ മാനേജർ, ദാറുൽമ്മ, അബുദബി), ഡെയ്സി (എറണാകുളം), സിസി (ചെന്നൈ).



അബുദബി: ദി പെന്തെക്കോസ്തു മിഷൻ സഭാംഗം പത്തനംതിട്ട പ്രക്കാനം ചക്കാലയിൽ റെജി മാത്യുവിന്റെ ഭാര്യ മേഴ്സി റെജി (47) നവംബർ ആറിനു അബുദബിയിൽ വെച്ച് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം ഒൻപതിനു കൊട്ടാരക്കര റ്റിപിഎം സെമിത്തേരിയിൽ നടത്തി. കഴിഞ്ഞ പതിമൂന്നു വർഷമായി അബുദബിയിൽ ആയിരുന്ന മേഴ്സി കൊല്ലം മുക്കുതല തുിൽ കുടുംബാംഗമാണ്. മക്കൾ: ജെറിൻ, പ്രെയ്സി.



ദുബായ്: മാറാനാഥാ ഫുൾ ഗോസ്പൽ ചർച്ച് വൈസ്പ്രസിഡന്റ് തേവലക്കര കൊന്നവിളയിൽ തോമസ് ചെറിയാൻ വൈദ്യന്റെ ഭാര്യ ലൈല ചെറിയാൻ നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം കൊല്ലത്ത് യൂണിയൻ ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ മാറാനാഥാ പ്രസിഡന്റ് പാസ്റ്റർ ജിപ്സി മാത്യുവിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർ ടിനു ജോസ് ചെറിയാൻ ശുശ്രൂഷിച്ചു. തിരുവല്ല കോവൂർ മൂലച്ചേരി ഡോ. കെ.എ. ഇല്യാസിന്റെ മകളാണ്. മക്കൾ: ഷിജി, സൈറോസ്, റോമ. മരുമകൻ: ഷെറിൻ.




പ്രെയ്സ് സിംഗർ മ്യൂസിക് അവാർഡ് ജേതാക്കൾ വിശിഷ്ടാതിഥികളോടൊപ്പം.

# അവാർഡ് വിതരണം ചെയ്തു

ഷാർജാ: പ്രെയിസ് ഇന്റർനാഷണലൽ യുഎഇയിലെ മികച്ച ഗായകരെ തിരഞ്ഞെടുക്കുന്നതിനായി ആരംഭിച്ച ക്രിസ്ത്യൻ മ്യൂസിക്കൽ റിയാലിറ്റി ഷോയുടെ സീസൺ 3 (ഇംഗ്ലീഷ്) ഗ്രാൻഡ് ഫിനാലെയും അവാർഡ്നൈറ്റും നവംബർ 23 സെന്റ് മാർട്ടിൻ ചർച്ച് ഹാളിൽ നടന്നു. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ റവ. ഫാദർ ഡേവിസ് ചിറമേൽ ഉത്ഘാടനം നിർവഹിച്ച സംഗീത സന്ധ്യയിൽ റവ. വിൽസൺ ജോസഫ് (ജനറൽ വൈസ് പ്രസിഡന്റ് ഐപിസി ചർച്ച്), ജോൺ വർഗീസ് (ഹെഡ്മാസ്റ്റർ, മാർത്തോമ്മാ സൺഡേസ്കൂൾ, ഷാർജ) എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. വിവിധ ഇടവകളിലെ വൈദികർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജോർജ് സി.കെ. (ഡയറക്ടർ), സുജ ജോർജ്, എബിൻ ജോർജ്, ജാൻസി ബിജു, ജയ്സൺ ജോസ്, ഷിജി വർഗീസ്, എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി.



ഷാർജാ വർഷിപ്പ് സെന്ററിൽ നടന്ന യുണൈറ്റഡ് പെന്തെക്കോസ്തു ഫെലോഷിപ്പ് കൺവൻഷനിൽ പാസ്റ്റർ പി.സി. ചെറിയാൻ ശുശ്രൂഷിക്കുന്നു.

കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ. മർക്കോസ് 1:15

# അസംബ്ലീസ് ഓഫ് ഗോഡ്, അബുദബിയുടെ

### ആഭിമുഖ്യത്തിൽ

## ഏകദിന ഫാമിലി കോൺഫ്രൺസും
## ദ്വിദിന ദൈവവചനപ്രഘോഷണവും



Guest Speaker
**PR. XAVIER JAMES**
(ERNAKULAM)

## FAMILY CONFERENCE

### Date & Venue

**03 Dec 2016**

**Saturday**

10.00 am to 2.30 pm
Evangelical Church Center
(Basement Hall), Abu Dhabi

## CONVENTION

### Date & Venue

**5th & 6th Dec 2016**

**Monday & Tuesday**

7.30 pm to 10.00 pm
Brethren Church
(Hall F1), Mussafah.

ഈ മീറ്റിങ്ങുകളിലേക്കു ഏവരെയും കർതൃനാമത്തിൽ സ്വാഗതം ചെയ്യുന്നു.

Pr. K. J. George | 050 6166 276

For Transportation: Pr. William Joseph - 050 8560 725
Musaffah: Br. Anil S - 055 6622 027
Abu Dhabi: Br. Anup Eapen - 050 4149 762 & Br. Jacob Mathias - 050 3039 956


NAJM TOURS
Romantic Escape to VENICE....
Airline Booking
Hotel Reservations
International Holiday Packages
Business Travels
Inbound Holidays
Visa Change
CANADA, USA, UK, EUROPE / SCHENGEN,
SINGAPORE, MALAYSIA, AUSTRALIA, NEW ZEALAND
VISA DOCUMENTATION & APPOINTMENT SCHEDULING
SPECIAL RATES FOR UAE VISAS
90 DAYS - AED 950
30 DAYS - AED 340
Ginu Mathew ginu@najmtours.com
+971 555 252 251, +971 55 42 84 787
NAJM TOURS
think travel.... think najm......
P.O. Box: 96727, Near mubarak center, Sharjah, UAE
Tel: Off: +971 6 521 36 76
www.najmtours.com
Najm Tours
Mr. Pius / Mr. venkat
OFF: + 971 6 521 21 20
(Holidays)
pius.chit@najmtours.com
venkat@najmtours.com
Mr. Jimmy
+971 55 13 23 443
(Ticketing)
jimmy@najmtours.com




Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham, Circulation Managers Jaimon Cheeran, Reejan Robert, Satheesh Nicolas, Santhosh Eapen. Global Chairman Joy Kallumkal. newsmannauae@gmail.com.com, Visit: www.newsmanna.com 050 3241610.

# വിശാലദർശനവുമായി പാസ്റ്റർ വിൽസൻ ജോസഫ്

തോമസ് തോന്നയ്ക്കൽ

മാനസികസംഘർഷം നിറഞ്ഞദിനങ്ങൾ. എന്തുകൊണ്ട് ദൈവമേ, ഇങ്ങനെ സംഭവിച്ചു. ചെയ്യാത്ത കുറ്റത്തിനാണല്ലോ ഇത്... ദൈവത്തിലാശ്രയിച്ച് പ്രാർഥിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് ദൈവീകസമാധാനത്താൽ നിറഞ്ഞു. അന്നു രാത്രി ഒരു തീരുമാനമെടുത്തു. ഇനിയുള്ള കാലം ദൈവീകവേലക്കാരനായി ജീവിക്കണം. അടുത്ത ദിവസം എല്ലാം ശുഭം! ദൈവീകപ്രവർത്തി വെളിപ്പെട്ടു. കുറ്റം ചെയ്തിട്ടില്ലെന്ന് തെളിഞ്ഞു. ഇത് ജീവിതത്തിൽ ഒരു വഴിത്തിരിവായി. മലയാള പെന്തെക്കോസ്തു ലോകത്ത് പ്രസിദ്ധനും വേദപണ്ഡിതനും നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ വി.റ്റി. ജോസഫിന്റെ മകനായ വിൽസൻ ജോസഫായിരുന്നു ആ യുവാവ്. ഈ സംഭവം വിൽസൻ ജോസഫിനെ ആത്മികവഴിത്തിരിവിലേക്കു നയിച്ചു.

ഡിഗ്രിപഠനം കഴിഞ്ഞ വിൽസൻ ജോസഫ് 1979 ൽ ഗൾഫിലെത്തി. ആ സമയം മൂത്തസഹോദരൻ പാസ്റ്റർ സാമുവേൽ സി. ജോസഫ് ജോലിയോടൊപ്പം ഷാർജ ഐപിസിയുടെ പ്രഥമശുശ്രൂഷകനായിരുന്നു. 1985 ൽ പാസ്റ്റർ വീയപുരം ജോർജുകുട്ടി ഷാർജ സഭയുടെ ശുശ്രൂഷകനായെത്തി. പിവൈപിഎ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത വിൽസൻ ജോസഫ് 1988 മുതൽ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിയായി.

1995 മുതൽ ഷാർജാ ഐപിസി സഹശുശ്രൂഷകനായിരിക്കുമ്പോൾതന്നെ ഐപിസി പിറവം സെന്ററിന്റെ സ്പോൺസർ മിനിസ്റ്ററായി മൂന്നുവർഷം പ്രവർത്തിച്ചു. അപ്പോൾത്തന്നെ പിതാവ് പാസ്റ്റർ വി. റ്റി. ജോസഫിന്റെ ചുമതലയിലുള്ള ഐപിസി പത്തനംതിട്ട സെന്ററിലെ ഡിസ്ട്രിക്ട് കൺവൻഷനിൽ ദൈവവചനം സംസാരിക്കാൻ പലപ്പോഴും അവസരം ലഭിച്ചു. ഇക്കാലത്ത് ഐപിസിയിലെ വിവിധ ഡിസ്ട്രിക്ട് കൺവൻഷനുകളിലും ഭാരതപ്പുഴ കൺവൻഷൻ ഉൾപ്പെടെ വിവിധ വേദികളിലും പ്രസംഗിച്ചു.

1999 ജനുവരിയിൽ പത്തനംതിട്ട ഡിസ്ട്രിക്ട് കൺവൻഷനിൽവച്ച് പാസ്റ്റർ വിൽസൻ ജോസഫിനു സെന്ററിന്റെ ശുശ്രൂഷകസ്ഥാനം ലഭിച്ചു. മൂന്നുമാസത്തിനുശേഷം സെന്ററിന്റെ പൂർണ ചുമതല പാസ്റ്റർ വിൽസൻ ജോസഫിനു ലഭിച്ചു.


പാസ്റ്റർ വിൽസൻ ജോസഫ്

രണ്ടായിരത്തിൽ സഭാപരിപാലനത്തിനായി പരിശുദ്ധാത്മാവ് ശക്തമായ പ്രേരണ നൽകി. ഇതെക്കുറിച്ചു പലരോടും ആലോചന ചോദിച്ചപ്പോൾ പലരും നിരുത്സാഹപ്പെടുത്തി. ആ വർഷാവസാനം വോക്കൽകോഡിനു അസുഖമായി ഓപ്പറേഷനു വിധേയപ്പെട്ടു വെല്ലൂർ ഹോസ്പിറ്റലിൽ കിടക്കുമ്പോൾ ദൈവം ദർശനത്തിലൂടെ ഇടപെട്ടു. നിരുത്സാഹങ്ങളെ നോക്കാതെ മുൻപോട്ടു പോകാൻ കർത്താവ് പറഞ്ഞു. 2010 ഫെബ്രുവരി രണ്ടാം തീയതി ഐപിസി വർഷിപ്പ് സെന്റർ ഷാർജ എന്നപേരിൽ പ്രവർത്തനം തുടങ്ങി. തന്റെകൂടെ പങ്കാളിത്തത്തിൽ ആരംഭിച്ച യൂണിയൻ ചർച്ചിൽ ആരാധനയ്ക്കു സമയംകിട്ടാതെ വിഷമിച്ച പാസ്റ്റർ വിൽസൻ ജോസഫ് ആ വിഷയത്തിനു കണ്ണീരോടെ പ്രാർഥിച്ചു. ആയിടയ്ക്കു, 'ഒരു ചർച്ചിനു വേണ്ടി കോൺട്രാക്ടിൽ ഒപ്പുവയ്ക്കുന്ന' ഒരു കാഴ്ച കർത്താവ് കാണിച്ചു. മാനുഷികമായി അതിനു യാതൊരു സാധ്യതയും ഇല്ലായിരുന്നു.

അങ്ങനെ ഷാർജയിലെ സഭകൾക്കു ഒരു പൊതുസ്ഥാപനം എന്ന ആശയം യാഥാർഥ്യമാക്കാൻ പാസ്റ്റർ വിൽസൻ ജോസഫ് കഠിനാധ്വാനം ചെയ്തു. അങ്ങനെയാണു ഷാർജയിലെ ഭരണാധികാരികളെ കാണുന്നതും സ്ഥലം അനുവദിക്കുന്നതും ഷാർജാ വർഷിപ്പ് സെന്റർ യാഥാർഥ്യമാകുന്നതുമൊക്കെ.

ഐപിസി ജനറൽ വൈസ് പ്രസിഡന്റായ പാസ്റ്റർ വിൽസൺ ജോസഫ് ഐപിസി വർഷിപ്പ് സെന്റർ ഷാർജ, ഐപിസി കർണാടക റീജിയൻ പേട്രൻ കൂടിയാണ്. ഐപിസി പത്തനംതിട്ട സെന്റർ ശുശ്രൂഷകൻ, സംഘാടകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ്.

ദൈവസ്നേഹവും താഴ്മയും ഒരുപോലെ സമ്മേളിക്കുന്ന വ്യക്തിത്വത്തിനു ഉടമയാണ് പാസ്റ്റർ വിൽസൻ ജോസഫ്. ഗൾഫ്നാട് സന്ദർശിക്കുന്ന ദൈവദാസന്മാരെ കൂട്ടായ്മയുടെ വലംകരംകൊടുത്തു സഹായിക്കുന്നതിൽ പാസ്റ്റർ വിൽസൻ ജോസഫ് ഒരു മാതൃകയാണ്. യുഎഇയിൽ അതിവേഗം വളരുന്ന സഭകളിലൊന്നാണ് പാസ്റ്റർ വിൽസൻ ജോസഫ് നേതൃത്വം നൽകുന്ന ഐപിസി വർഷിപ്പ് സെന്റർ. ഇപ്പോൾ അഞ്ഞൂറോളം പേർ ആരാധിക്കുന്നു. ആയിരത്തഞ്ഞൂറുപേർക്ക് ഇരിക്കാൻ സൗകര്യമുള്ള വർഷിപ്പ് സെന്റർ ഹോൾ നിറയെ ആത്മാക്കൾ കർത്താവിനെ ആരാധിക്കാൻ വരുന്നതാണ് തന്റെ സ്വപ്നമെന്നു പാസ്റ്റർ വിൽസൻ ജോസഫ് പറയുന്നു. ഭാര്യ: മേഴ്സി. മക്കൾ: ജോവിൻ, ജസ്റ്റിൻ, ജിഷ.


പാസ്റ്റർ വിൽസൺ ജോസഫും കുടുംബവും.



ഷാർജാ വർഷിപ്പ് സെന്റർ

**വൈവിധ്യമാർന്ന സാംസ്കാരികതയുടെ നിറപ്പകിട്ടുകളിൽ ആരാധനയ്ക്കായി ഒന്നിക്കുന്ന സഭകളുടെ ഈ സംഗമവേദി സവിശേഷശ്രദ്ധയാകർഷിക്കുന്നു.**

## തിരുനിവാസംപോലൊരു ആരാധനാകേന്ദ്രം: ഷാർജ വർഷിപ്പ് സെന്റർ

മരുവിന്റെ കനത്ത ചൂടനുഭവങ്ങളിൽ ശീതളച്ഛായയായി ഷാർജ വർഷിപ്പ് സെന്റർ. പ്രവാസികൾക്കിവിടം തിരുനിവാസംപോലെ. ആരാധനയുടെ മനോഹാരിതയും കൂട്ടായ്മയുടെ ഊഷ്മളതയും ഇവിടെ സമ്മേളിക്കുന്നു.

വിവിധ ഭാഷയിലും സംസ്കാരത്തിലും ഉൾപ്പെടുന്ന ക്രൈസ്തവവിശ്വാസികളുടെ സംഗമവേദിയായ ഇവിടെ ഭക്തിസാന്ദ്രം- ഈ ആലയത്തിന്റെ പ്രാകാരങ്ങളിൽ ജനം വാഞ്ഛയോടെ ആരാധനയ്ക്കായി ഓടിയണയുന്നു. സ്വന്തംഭാഷകളിൽ അവർ കർത്താവിനെ പാടിയാരാധിക്കുന്നു. വൈവിധ്യമാർന്ന സാംസ്കാരികതയുടെ നിറപ്പകിട്ടുകളിൽ ആരാധനയ്ക്കായി ഒന്നിക്കുന്ന സഭകളുടെ ഈ സംഗമവേദി സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഉപദേശത്തിന്റെ വൈരുധ്യങ്ങൾ നിലനിൽക്കുമ്പോഴും ആരാധനാസ്വാതന്ത്ര്യത്തിനു നിയന്ത്രണമുള്ള രാജ്യത്ത് വിവിധ സഭാവിഭാഗങ്ങൾക്ക് ഒരുമയിൽ ഒന്നിക്കുന്നതിൽ ആഹ്ലാദം മാത്രം. മലയാളിയും തമിഴനും കന്നടക്കാരനും തെലുങ്കനും ഹിന്ദിക്കാരനുമൊക്കെ അവരുടെ ഭാഷയിൽ കർത്താവിനെ ആരാധിക്കുന്ന അപൂർവാനുഭവം.

ആദ്യകാലപെന്തെക്കോസ്തു പ്രവാസികൾ സ്വതന്ത്രമായ ആരാധനാലയമില്ലാതെ അലഞ്ഞനാളുകൾ. വില്ലകളിലും ഫ്ളാറ്റുകളിലും അവർ ആരാധിച്ചു. ഒരിക്കൽ ഒരു പ്രശ്നമുണ്ടായപ്പോൾ വില്ലയിലെ ആരാധന നിർത്തിവെച്ചു. എന്നാൽ, പ്രവാസികളുടെ പ്രവാഹം വർധിച്ചപ്പോൾ ആരാധനയ്ക്ക് ഒരിടം ഷാർജയിലും ഉണ്ടാകണമെന്ന ആവശ്യം ശക്തമായി. പക്ഷെ, ആരും ഈ മഹാദൗത്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറായില്ല.

ഒടുവിൽ ദൈവനിയോഗം പാസ്റ്റർ വിൽസൻ ജോസഫിനെ തേടിയെത്തി. ഷാർജയിൽ വിവിധ സഭകൾക്കു സ്വതന്ത്രമായി ആരാധിക്കാൻ ദുബായ് ട്രിനിറ്റി ചർച്ച് മാതൃകയിൽ ഒരു വർഷിപ്പ് സെന്റർ എന്ന ആശയം മനസ്സിൽ അങ്കുരിച്ചു. വിഷയം തന്റെ സഹോദരൻ ജോൺ ജോസഫുമായി സംസാരിച്ചു. വളരെക്കാലം ഷാർജയിലുണ്ടായിരുന്ന അദ്ദേഹം, ഇന്ത്യാ ഗവണ്മെന്റിന്റെ ന്യൂനപക്ഷക്കമ്മീഷൻ അംഗമെന്ന നിലയിൽ ക്രൈസ്തവസമൂഹത്തിന്റെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിച്ചു വരികയായിരുന്നു. അങ്ങനെ ഷാർജയിലെ വിശ്വാസികൾക്ക് ആരാധനയ്ക്ക് ഒരിടം അനുവദിച്ചുനൽകാൻ അവിടത്തെ ഭരണാധികാരിയെ കാണാൻ അവർ തീരുമാനിച്ചു. മുൻനിശ്ചയപ്രകാരം ഡോ. ജോൺ ജോസഫിന്റെ നേതൃത്വത്തിൽ ഡൽഹിയിൽനിന്നും ഒരു ഡെലിഗേഷൻ ഷാർജയിലെ ഭരണാധികാരിയെ സന്ദർശിച്ചു. അധകാരിയിൽ നിന്നു ഏറെക്കുറെ അനുകൂലമായ മറുപടി ലഭിച്ചു. ന്നു ഷാർജ മുനിസിപ്പാലിറ്റിയിൽ ഏറെ സ്വാധീനമുണ്ടായിരുന്ന പസ്റ്റർ വിൽസൺ ജോസഫിന്റെ അറബി സ്പോൺസറെകൂടെ ഇക്കാര്യത്തിനു പാസ്റ്റർ വിൽസൺ ജോസഫ് ഉപയോഗിച്ചപ്പോൾ ഷാർജയുടെ കണ്ണായ സ്ഥലത്ത് വർഷിപ്പ് സെന്റർ പണിയാനുള്ള സ്ഥലം സൗജന്യമായി അധികാരികൾ നൽകി. സെന്ററിന്റെ പണി പൂർത്തീകരിക്കുമ്പോൾ ഷാർജിലെയും സമീപപ്രദേശങ്ങളിലെയും അനേകം വിശ്വാസികളുടെ ചിരകാല സ്വപ്നം പൂവണിയുകയായിരുന്നു.

യുഎഇയിൽ നടക്കുന്ന പ്രധാന ക്രിസ്തീയസമ്മേളനങ്ങളുടെ സംഗമവേദിയാണു ഷാർജ വർഷിപ്പ് സെന്റർ വിവിധ ഭാഷകളിലായി വിവിധ സഭാവിഭാഗങ്ങൾ ചെറുതും വലുതുമായ പ്രത്യേകം ഹോളുകളിൽ വെവ്വേറെ ആരാധനയ്ക്കു കൂടിവരുന്നു. സഭകളുടെ ബൈബിൾക്ലാസുകൾ, പ്രെയർ ഗ്രൂപ്പുകളുടെ മീറ്റിംഗുകൾ, സഹോദരിമാരുടെ സമ്മേളനങ്ങൾ, യുവജനപ്രസ്ഥാനങ്ങളുടെ കൂട്ടായ്മകൾ എന്നിവ വർഷിപ്പ് സെന്ററിനെ സജീവമായ ആരാധനാകേന്ദ്രമാക്കി മാറ്റിയിരിക്കുന്നു.



## ഇത് ദൈവ നിയോഗം

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ ജനറൽ വൈസ്പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ദൈവനിയോഗമെന്ന് പാസ്റ്റർ വിൽസൺ ജോസഫ്.

തന്റെ പിതാവ് പാസ്റ്റർ വി.റ്റി. ജോസഫ് ദീർഘവർഷങ്ങൾ വഹിച്ച അതേ പദവിയിൽ മകൻ പാസ്റ്റർ വിൽസൺ ജോസഫ് എത്തുന്നത് ദൈവനീതി. ശ്രദ്ദേയമായ മറ്റൊരു കാര്യം തന്റെ പിതാവ് 45 വർഷങ്ങൾക്ക് മുമ്പേ അമേരിക്ക സന്ദർശിച്ചവേളയിൽ അവിടത്തെ ഒരു തിയോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പ്രസംഗിച്ചത് ചരിത്രസംഭവമായി. ദൈവവചനത്തിലെ തന്റെ അഗാതമായ അറിവും പാണ്ഡിത്യവും കണക്കിലെടുത്ത് ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചു. മൂന്നു വർഷം മുമ്പ് പാസ്റ്റർ വിൽസൺ ജോസഫിനും അയാട്ട എന്ന സ്ഥാപനം ഡോക്ടർ ഓഫ് ഡിവിനിറ്റി നൽകി ആദരിച്ചു. എല്ലാ വർഷവും അന്തർദേശീയതലത്തിൽ ഒരാൾക്കു മാത്രം നൽകുന്ന ഈ പദവിയാണ് പാസ്റ്റർ വിൽസൺ ജോസഫിനെ തേടിയെത്തിയത്.


For Private Circulation only Not for sale